ബാല കുസുമം
മാസിക

പുസ്തകം 01
ലക്കം 8
2025 ആഗസ്റ്റ്


# തൂണുകൾക്കു മീതെ ഒരു രാജ്യം!

കടലിനുനടുവിൽ ഒരു ഫുട്ബോൾ ടർഫിന്റെ വലുപ്പം മാത്രമുള്ള ഒരു രാജ്യം! ഇംഗ്ലണ്ടിൽ നിന്ന് ഏകദേശം 10 കിലോമീറ്റർ മാത്രം അകലെയാണ് പ്രിൻസിപ്പാലിറ്റി ഓഫ് സീലാൻഡ് എന്നറിയപ്പെടുന്ന, 50 ൽ താഴെ മാത്രം ജനസംഖ്യയുള്ള ഈ രാജ്യം. 0.004 ചതുരശ്ര കിലോമീറ്റർ മാത്രം വലിപ്പമുള്ള ഈ കുഞ്ഞൻ രാജ്യത്തിന് സ്വന്തമായി സൈന്യവും പതാകയും കറൻസിയുമെല്ലാമുണ്ടെന്നതാണ് കൗതുകം. രണ്ടാം ലോകമഹായുദ്ധക്കാലത്ത് സൈനികതാവളമായി ഉപയോഗിച്ചിരുന്ന മൗൺസെൽകോട്ടകളുടെ ഭാഗമായാണ് ബ്രിട്ടീഷുകാർ 1943 ൽ എച്ച്.എം ഫോർട്ട് റഫ്സ് നിർമ്മിച്ചത്. സമീപത്തുള്ള അഴിമുഖങ്ങളിലെ പ്രധാന കപ്പൽപാതകളെ സംരക്ഷിക്കുന്നതിനുപയോഗിച്ചിരുന്ന ഈ കോട്ടകൾ 1956 ൽ നിർത്തലാക്കപ്പെട്ടു. ഡീകമ്മീഷൻ ചെയ്ത ശേഷം ഒരു റേഡിയോസ്റ്റേഷനായി പ്രവർത്തിച്ചിരുന്ന റഫ്ടവർ മുൻബ്രിട്ടീഷ് ആർമി മേജറായ റോയ്ബേറ്റ്സും കുടുംബവും കൈവശപ്പെടുത്തി. പിന്നീട് ഇതിനെ ഒരു രാജ്യമായും താൻ ഈ രാജ്യത്തെ രാജാവും ഭാര്യ രാജ്ഞിയുമായ ഒരു പരമാധികാരരാഷ്ട്രമായി റോയ് ബേറ്റ്സ് പ്രഖ്യാപിക്കുകയായിരുന്നു. അന്താരാഷ്ട്ര നിയമങ്ങൾ പ്രകാരം ഔദ്യോഗിക രാജ്യമായി പ്രഖ്യാപിക്കാത്തതിനാൽ ലോകത്തിലെ ഏറ്റവും ചെറിയ രാജ്യം എന്ന പദവി സീലാൻഡിന് ലഭിച്ചിട്ടില്ല.



# സ്വർഗ്ഗം തുറക്കുന്നത്



രാജാവ് അഹങ്കാരിയും ധിക്കാരിയുമായിരുന്നു. എല്ലാവരും തനിക്കു വിധേയരായി കഴിയുന്നവരാകണം എന്നായിരുന്നു അയാളുടെ വിചാരം. ഒരു ദിവസം രാജാവ് തന്റെ രാജ്യത്തെ ഒരു സൂഫിവര്യനെ ചെന്നു കണ്ടു പറഞ്ഞു: 'സ്വർഗ്ഗത്തെയും നരകത്തെയും കുറിച്ചറിയാനാണ് നാം വന്നിരിക്കുന്നത്. അങ്ങനെയൊന്നുണ്ടെങ്കിൽ സ്വർഗ്ഗത്തിൽ പോകാനുള്ള വഴിയൊന്നു വേഗം പറഞ്ഞു തരണം. കാത്തിരിക്കാനൊന്നും നമുക്ക് സമയമില്ല.'

രാജാവിന്റെ അഹങ്കാരത്തോടെയുള്ള വാക്കുകൾ കേട്ട് സൂഫി ശാന്തനായി പറഞ്ഞു: 'അറിയാനാണ് വന്നതെങ്കിൽ ഒരു ശിഷ്യനെപ്പോലെ വന്നു ചോദിക്കണം, ഇവിടെ രാജാവ്, പ്രജ എന്ന പരിഗണനയൊന്നുമില്ല. പഠിക്കാൻ വരുന്നവരൊക്കെ ശിഷ്യന്മാർ മാത്രം.'

ഇതുകേട്ട് രാജാവ് കു

പിതനായി: 'ഹെന്ത്? ധിക്കാരം പറയുന്നോ? നിന്നെയിനി ഒരു നിമിഷം വെച്ചേക്കില്ല ഞാൻ.' അയാൾ ഉറയിൽ നിന്ന് വാൾ ഊരിയെടുത്ത് സൂഫിയുടെ നേരെ നീങ്ങി. അപ്പോൾ സൂഫി ഒട്ടും പരിഭ്രമിക്കാതെ അയാളുടെ നേരെ നോക്കി പുഞ്ചിരിച്ച് ശാന്തനായി പറഞ്ഞു: 'ഒരു നിമിഷം! ഇതൊന്നു കേൾക്കൂ, ഇവിടെയിതാ, ഇപ്പോൾ നരകത്തിന്റെ കവാടം തുറന്നിരിക്കുന്നു. എന്റെ തല വെട്ടിക്കൊള്ളൂ. ഉടനെ നിങ്ങൾക്ക് നരകത്തിലേക്കു പോകാം.'



അതുകേട്ടപ്പോൾ രാജാവിന്റെ കൈവിറച്ചു. ചിന്തകൾ അയാളുടെ മന


**BALA KUSUMAM**
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്‌യാൻ ബുഖാരി
- ജനറൽ മാനേജർ
  കെ. ഉമർ മദനി
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി

സ്സിലൂടെ കടന്നുപോയി. തന്റെ അവിവേകം ബോധ്യപ്പെട്ടപ്പോൾ അദ്ദേഹം വാൾ ഉറയിലിട്ടു. അത് കണ്ട് സൂഫിവര്യൻ വീണ്ടും പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: 'ഇപ്പോൾ സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നിരിക്കുന്നു!'

രാജാവിന്റെ ചിന്തയുണർന്നു. അദ്ദേഹത്തിനു കാര്യം മനസ്സിലായി. കോപവും അഹങ്കാരവും നരകത്തിലേക്കാണ് കൊണ്ടുപോവുക. സഹനവും വിനയവും സ്വർഗ്ഗത്തിലേക്കെത്തിക്കും. രാജാവ് ഉടനെ വിനയം പ്രകടമാക്കി സൂഫിയുടെ മുമ്പിലിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായി അറിവുകൾ നുകർന്നു.

നബികഥ

# വായ്പ വാങ്ങി ദാനം

**പാ**വപ്പെട്ട ഒരാൾ സഹായം തേടി തിരുനബി(സ)യെ സമീപിച്ചു. അദ്ദേഹത്തിന് കൊടുക്കാൻ നബി(സ)യുടെ കൈവശം ഒന്നുമുണ്ടായിരുന്നില്ല. ഉടനെ നബി(സ) മറ്റൊരാളുടെ പക്കൽനിന്നു വായ്പ വാങ്ങി അദ്ദേഹത്തിന് ദാനം നൽകി. ഇതു കണ്ട ഉമർ(റ) ചോദിച്ചു: 'പ്രവാചകരേ, കൈവശമുള്ളതു കൊടുത്താൽ പോരേ? അങ്ങെന്തിനാണിങ്ങനെ പ്രയാസപ്പെടുന്നത്?'

ഈ സംസാരം തിരുനബി(സ)ക്ക് ഇഷ്ടമായില്ല. അസംതൃപ്തി തിരുമുഖത്ത് പ്രകടമായി. അപ്പോൾ ഒരു ഗ്രാമീണൻ ഇങ്ങനെ വിളിച്ചുപറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, അങ്ങ് എത്ര വേണമെങ്കിലും ദാനം ചെയ്തോളൂ. അർശിന്റെ അധിപനായ അല്ലാഹു അങ്ങേക്ക് ദാരിദ്ര്യം നൽകില്ല.'

ഇതു കേട്ടപ്പോൾ മുത്തുനബി(സ)ക്ക് ഏറെ സന്തോഷമായി. ഉടനെ അവിടുന്ന് ഉമർ(റ)വിനോട് പറഞ്ഞു: 'പ്രിയപ്പെട്ട ഉമറേ, ഇങ്ങനെയുള്ള പ്രതികരണമാണ് അങ്ങയിൽ നിന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നത്.'



സഫർ
സഫറിക്കാ, ഒരു സംശയം ചോദിക്കട്ടെ?
ചോദിച്ചോളൂ, ഒന്നല്ല എത്ര വേണമെങ്കിലും. അറിയാവുന്നതൊക്കെ പറഞ്ഞുതരാം, ഇൻശാഅല്ലാഹ്.
ഇക്കാക്ക് അറിയാത്തതാണെങ്കിലോ?
അറിയുന്നവരോട് ചോദിച്ചു പറഞ്ഞു തരും.
മോന്റെ സംശയമെന്താ?
സഫറിക്ക ഇപ്പോൾ പറഞ്ഞത് തന്നെയാണ് എന്റെ സംശയം. കാര്യങ്ങൾ പറയുമ്പോഴൊക്കെ 'ഈശാല്ലാ' എന്ന് പറയുന്നതെന്തിനാ?
ഈശാല്ലാന്നല്ലെടാ, 'ഈശാഅല്ലാ'ന്നാണ്.
അങ്ങനെയുമല്ല മോനേ, 'ഇൻശാ അല്ലാഹ്' എന്നു പറയണം.
ഓ... അങ്ങനെ പറയുന്നതെന്തിനാ?



അല്ലാഹു ഉദ്ദേശിച്ചാൽ എന്നാണതിന്റെ അർത്ഥം.
നമ്മൾ വിചാരിക്കുമ്പോലെയല്ലേ ചെയ്യുക? പിന്നെന്തിനാ അല്ലാഹു ഉദ്ദേശിച്ചാൽ എന്നു പറയുന്നത്?
മക്കളേ, നമ്മൾ എന്തു വിചാരിച്ചാലും അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ അത് ചെയ്യാനാവില്ല. അല്ലാഹു കഴിവു തരാതെ നമുക്ക് സ്വന്തമായൊന്നും ചെയ്യാൻ കഴിയില്ല.
നമ്മൾ വിചാരിക്കുന്നത് പലതും ചെയ്യുന്നുണ്ടല്ലോ.
അത് അല്ലാഹു തരുന്ന കഴിവുകൊണ്ടാണ്. വിചാരിക്കുന്നത് പലതും നടക്കാതെ പോകുന്നുമുണ്ടല്ലോ...
അതു ശരിയാ... വിചാരിക്കുന്നതെല്ലാം നമുക്ക് ചെയ്യാൻ കഴിയാറില്ല.
ഓ, അതുതന്നെ. അല്ലാഹു കഴിവ് തന്നാലേ നമുക്ക് എന്തും ചെയ്യാൻ കഴിയൂ എന്ന ബോധം എപ്പോഴും വേണം. അതിനാണ് അല്ലാഹു ഏതു കാര്യവും ഞാനങ്ങനെ ചെയ്യുമെന്ന് ഇൻശാഅല്ലാഹ് എന്ന വചനത്തോടൊപ്പമല്ലാതെ പറയരുതെന്ന് ഖുർആനിലൂടെ ഉണർത്തിയത്.
സഫറേ, അല്ലാഹു ഖുർആനിൽ അങ്ങനെ പറഞ്ഞിട്ടുണ്ടോ?
ഉണ്ടല്ലോ. എല്ലാ വെള്ളിയാഴ്ചകളിലും നമ്മൾ ഓതുന്ന അൽകഹ്ഫ് സൂറത്തിലുണ്ട് ആ നിർദ്ദേശം.


എങ്ങനെ?
'ഒരു കാര്യത്തെക്കുറിച്ചും തീർച്ചയായും നാളെ ഞാനത് ചെയ്യുമെന്ന് താങ്കൾ പറയരുത്; ഇൻശാഅല്ലാഹ് എന്ന് പറഞ്ഞല്ലാതെ' എന്ന് ഇരുപത്തിമൂന്നാം വചനത്തിൽ പറയുന്നുണ്ട്.
അപ്പോൾ ഈ ഇൻശാഅല്ലാഹ് ഗൗരവമുള്ള കാര്യമാണല്ലേ?
അതേ. അല്ലാഹു നിർദ്ദേശിച്ചതാണ്; നിസ്സാരമല്ല.'
ഞാനത്രയും വിചാരിച്ചിരുന്നില്ല. എല്ലാവരും പറയുന്നതു കേട്ടാണ് ഞാനും അങ്ങനെ പറയാൻ തുടങ്ങിയത്.
അപ്പോൾ എന്റെ സംശയം കൊണ്ട് നിങ്ങൾക്കും ഉപകാരമായല്ലോ.
അതേ. ഇനി ഞാൻ കാര്യബോധത്തോടെ തന്നെ പറയും. ഇൻശാഅല്ലാഹ്!
ഇൻശാഅല്ലാഹ്!

**ലോ**കത്തെ മുഴുവൻ ഭയപ്പെടുത്തിയ കറുത്ത ദിനങ്ങളായിരുന്നു 1945 ആഗസ്റ്റ് ആറും ഒമ്പതും. ഹിരോഷിമ, നാഗസാക്കി എന്നീ വൻനഗരങ്ങൾ അണുബോംബു വീണ് ചാരമായത് ഈ ദിവസങ്ങളിലായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനിടെ 1941ൽ ജപ്പാൻ അമേരിക്കൻ നാവികസങ്കേതമായ പോൾ ഹാർബറും ബ്രിട്ടീഷ് യുദ്ധക്കപ്പലായ പ്രിൻസ് ഓഫ് വെയിൽസും ആക്രമിക്കുകയും ബോംബിട്ട് നശിപ്പിക്കുകയും ചെയ്തിരുന്നു. അതിനുള്ള അമേരിക്കയുടെ പ്രതികാരമായിരുന്നു ഈ അണുബോംബ് വർഷം.

### അണുബോംബ് നിർമാണം

ബ്രിട്ടൻ, കാനഡ എന്നീ രാജ്യങ്ങളെ കൂട്ടുപിടിച്ച് അമേരിക്കൻ ഊർജതന്ത്രജ്ഞനായ റോബർട്ട് ആദ്യത്തെ അണുബോംബ് രൂപപ്പെടുത്തി. കുറഞ്ഞ സമയത്തിനുള്ളിൽ വലിയ അളവിൽ നാശനഷ്ടങ്ങളുണ്ടാക്കുന്ന ആറ്റംബോംബുകളിൽ യുറേനിയം, പ്ലൂട്ടോണിയം എന്നിവയാ



# ചരിത്രത്തിലെ കറുത്ത ദിനങ്ങൾ

ഷാക്കിർ തോട്ടിക്കൽ



ണ് ഇന്ധനമായി ഉപയോഗി ക്കുന്നത്. യുറേനിയത്തിന്റെ ഐസോട്ടോപ്പായ യു-235 ആണ് അമേരിക്ക അണു ബോംബ് നിർമാണത്തിനു പയോഗിച്ചത്. 1945 ജൂലൈ 16 ന് ഗാഡ്ജ് എന്നു പേ രുള്ള ഒരു അണുബോംബ് മെക്സിക്കോയിലെ ട്രിനിറ്റി സൈറ്റിൽ അമേരിക്ക പരീ ക്ഷിച്ചു.

### ഹിരോഷിമ ഓപ്പറേഷൻ

സെന്റർബോർഡ് എന്ന രഹസ്യപദ്ധതിയാണ് അമേരിക്ക നടപ്പാക്കിയ ത്. പോൾ ടിബറ്റ്സ് എന്ന പൈലറ്റിനായിരുന്നു ഹി രോഷിമയിലേക്കുള്ള യു ദ്ധവിമാനത്തിന്റെ ചുമതല. സഹായികളായി റോബർട്ട് ലെവിസ്, തിയോഡർ വാൻ കിർക്ക്, ടോം ഫെറിബി, റോബർട്ട് കാരോൺ എന്നി വരുമുണ്ടായിരുന്നു. ആദ്യ അണുബോംബ് വർഷിച്ചത് നേരിൽ കണ്ടവരും ഇവർ തന്നെയാണ്.

1945 ആഗസ്ത് ആറി ന് രാവിലെ 8 മണി കഴിഞ്ഞ് 15 മിനിറ്റ് 17 സെക്കന്റിലാണ് ലോകത്തെ വിറപ്പിച്ച മഹാ വിപത്തുകളിലൊന്ന് ഹിരോ ഷിമ നഗരത്തെ നരകഭൂമി യാക്കിയത്. 'എനോള ഗേ' എന്ന അമേരിക്കൻ യുദ്ധവി മാനത്തിൽ നിന്ന് കാതടപ്പി



ക്കുന്ന ശബ്ദത്തോടെ 13000 ടൺ ഭാരമുള്ള ലിറ്റിൽബോയ് എന്ന അണുബോംബ് വർഷിച്ചു. ഏഴു ചതുരശ്ര മൈൽ വിസ്തീർണമുള്ള ഹിരോഷിമയുടെ ഭൂരിഭാഗവും കത്തിച്ചാമ്പലായി. 7000 പേർ തൽക്ഷണം വെന്തുമരിച്ചു. മാരകമായ അണുവികിരണത്താൽ പതിനായിരക്കണക്കിനാളുകൾ പിന്നീട് മരണപ്പെട്ടു.

ബോംബ് പതിച്ച നിമിഷങ്ങളെ പൈലറ്റ് ടിബറ്റ്സ് വ്യക്തമാക്കുന്നതിങ്ങനെയാണ്: ‘ഞങ്ങൾ തിരിഞ്ഞു നോക്കുമ്പോൾ ഹിരോഷിമ നഗരത്തെ മുഴുവൻ പുക വിഴുങ്ങിയിരുന്നു. തിളച്ചുപൊങ്ങുകയായിരുന്നു അവിടം. വിചാരിക്കാത്തത്ര ഉയരത്തിലേക്ക് പുകച്ചുരുളുകൾ ഉയർന്നു. ഞങ്ങൾ അല്പനേരം ഒന്നും മിണ്ടിയില്ല. പിന്നെ, സഹപൈലറ്റ് എന്റെ തോളിൽ തട്ടി താഴേക്ക് നോക്കി നിലവിളിക്കാൻ തുടങ്ങി.’

## നാഗസാക്കി

ജപ്പാന്റെ പടിഞ്ഞാറുതീരത്ത് ക്യൂഷൂവിലെ മനോഹരമായ നാഗസാക്കി നഗരമായിരുന്നു അമേരിക്കയുടെ അടുത്ത ലക്ഷ്യം. ഹിരോഷിമയിൽ അണുബോംബ് വർഷിച്ചതിന്റെ മൂന്നാംനാൾ 1945 ആഗസ്റ്റ് ഒമ്പതിന് രാവിലെ 11 മണിയോടെയാണ്

നാഗസാക്കി എരിഞ്ഞൊടുങ്ങിയത്. ബോക്സ്കാർ എന്ന യുദ്ധവിമാനം 4630 കിലോഗ്രാം ഭാരമുള്ള ഫാറ്റ്മാൻ എന്ന അണുബോംബ് നാഗസാക്കിക്കു മേൽ തീമഴയായ് വർഷിച്ചു. പ്ലൂട്ടോണിയമാണ് ഇതിന്റെ നിർമാണത്തിനുപയോഗിച്ചത്. നാഗസാക്കിയെ പൂർണമായും തകർത്തുകളഞ്ഞ ഈ ബോംബ് വർഷത്തിൽ 73,884 പേർ തൽക്ഷണം മരിക്കുകയും അത്രതന്നെ പേർക്ക് സാരമായ പരിക്കേൽക്കുകയും ചെയ്തു. 1945 ആഗസ്റ്റ് 15 ന് ജപ്പാൻ ഭരണാധികാരി ഹീരോഹീറ്റോ റേഡിയോ പ്രക്ഷേപണത്തിലൂടെ തങ്ങൾ കീഴടങ്ങുകയാണെന്നറിയിച്ചതോടെയാണ് രണ്ടാം ലോകമഹായുദ്ധം അവസാനിച്ചത്.

## കടലാസു കൊറ്റികൾ

ഹിരോഷിമ അണുബോംബ് വർഷത്തിന്റെ ഇരകളിലൊരാളായിരുന്നു 'സഡാക്കോ സസക്കി' എന്ന പെൺകുട്ടി. യുദ്ധത്തിന്റെ മുറിവുകൾ അനുഭവിച്ച് അവൾ വളർന്നു. എന്നാൽ, പന്ത്രണ്ടാം വയസ്സിൽ ആറ്റോമിക്റേഡിയേഷൻ സിൻഡ്രോം എന്ന മാരകരോഗം അവളെയും ആക്രമിച്ചു. ആയിരം കടലാസുകൊറ്റികൾ നിർമ്മിച്ചാൽ ആപത്തുകളിൽ നിന്ന് രക്ഷപ്പെടാമെന്ന വിശ്വാസം ജപ്പാൻകാർക്കുണ്ടായിരുന്നു. അങ്ങനെ അവൾ കടലാസു കൊറ്റികളെ നിർമ്മിക്കാൻ തുടങ്ങി. 644 കടലാസു കൊറ്റികൾ നിർമിച്ചപ്പോഴേക്കും അവൾ മരണത്തിനു കീഴടങ്ങി. പിന്നീട് സമാധാനത്തിന്റെ പ്രതീകമായി സഡാക്കോയും കടലാസു കൊറ്റികളും അറിയപ്പെട്ടു.



✍ റൈഹാൻ



# റബീഉൽ അവ്വൽ വസന്തകാലം!

**ഹി**ജ്റ വർഷ കലണ്ടറിലെ മൂന്നാമത്തെ മാസമാണ് റബീഉൽഅവ്വൽ. മുത്തുനബി(സ) യുടെ തിരുപ്പിറവികൊണ്ട് അനുഗൃഹീതമായ മാസമാണത്.

പ്രസിദ്ധമായ ആനക്കലഹ സംഭവം നടന്ന് 50 ദിവസം കഴിഞ്ഞായിരുന്നു മുത്തുനബി(സ) യുടെ ജനനം. ക്രിസ്താബ്ദം എ.ഡി 571 ഏപ്രിൽ ഇരുപതിനായിരുന്നു ഇത്.

തിരുനബി(സ) പിറന്ന ദിവസമാണ് ഭൂമിയിൽ ഏറ്റവും മഹത്വമേറിയ ദിനം എന്ന് പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്.

അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും പ്രകീർത്തിക്കണമെന്നും അതിൽ സന്തോഷിക്കണമെന്നും വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ടല്ലോ. ലോകത്തിനു മുഴുവൻ കാരുണ്യമായാണ് മുത്തുനബി(സ) നിയോഗിക്കപ്പെട്ടതെന്നും ഖുർആനിലുണ്ട്.

തിരുനബി(സ)യുടെ പിറവി എന്ന മഹത്തായ കാരു



ണ്യത്തിൽ ലോകമുസ്‌ലിംകൾ സന്തോഷിക്കുകയും അവിടുത്തെ അപദാനങ്ങൾ വാഴ്ത്തുകയും ചെയ്യുന്നു.

തിങ്കളാഴ്ച ദിവസം നോമ്പനുഷ്ഠിക്കുന്നതിനെക്കുറിച്ച് സ്വഹാബികൾ ചോദിച്ചപ്പോൾ മുത്തുനബി(സ) പറഞ്ഞു: 'തിങ്കളാഴ്ച ദിവസമാണ് ഞാൻ ജനിച്ചത്.' തിരുനബി(സ) ജനിച്ച ദിവസത്തിനും സ്ഥലത്തിനും സമയത്തിനും മാസത്തിനുമെല്ലാം പവിത്രതയുണ്ടെന്ന് ഈ ഹദീസിൽ നിന്ന് മനസ്സിലാക്കാമല്ലോ.

മാർക്യം ചെയ്യപ്പെട്ട്, കണ്ണുകളിൽ സുറുമുയെഴുതിയ നിലയിലായിരുന്നു തിരുനബി(സ)യുടെ ജനനം. പ്രസവസമയത്ത് ഉമ്മ ആമിനബീവി(റ)ക്ക് വേദനയോ മറ്റു പ്രയാസങ്ങളോ അനുഭവപ്പെട്ടില്ല.

തിരുപ്പിറവിയുടെ സമയത്ത് ഒരുപാട് അത്ഭുതസംഭവങ്ങളാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായത്. ബഹുദൈവാരാധകർ ആരാധിച്ചിരുന്ന വിഗ്രഹങ്ങളെല്ലാം തലകീഴായി മറിഞ്ഞുവീണു.

2000 വർഷത്തോളം അണയാതെ എരിഞ്ഞുകൊണ്ടിരുന്ന അഗ്നിയാരാധകരുടെ തീകുണ്ഡം അണഞ്ഞുപോയി. പേർഷ്യയിലെ സാവാതടാകം വറ്റി വരണ്ടു. റോമൻ സാമ്രാജ്യത്തിന്റെ കേന്ദ്രമായിരുന്ന കിസ്‌റാ, കൈസർ കോട്ടകൾ ഭാഗികമായി തകർന്നു.

മീലാദുന്നബിയോടനുബന്ധിച്ച് പള്ളികളിലും വീടുകളിലും മൗലിദ് സദസ്സുകൾ സംഘടിപ്പിച്ചും തിരുചര്യകൾ പ്രചരിപ്പിച്ചും പാവപ്പെട്ടവർക്ക് ഭക്ഷണം നൽകിയും വിശ്വാസികൾ സന്തോഷിക്കുന്നു.

കുഞ്ഞുമോൻ

അബൂതസ്നീം

# വെള്ളിയാഴ്ച വിശേഷങ്ങൾ

'ഉമ്മാ, കലണ്ടറിൽ വെള്ളിയാഴ്ച ചുവന്ന അക്കമാണല്ലോ. അന്ന് അവധിയാണോ?' ചുമരിൽ തൂങ്ങുന്ന കലണ്ടറിലേക്കു നോക്കി കുഞ്ഞുമോൻ ചോദിച്ചു.

'ങാ... അന്ന് സ്കൂൾ അവധിയാണ്.'

'എന്നാൽ നമ്മൾക്ക് വല്യുപ്പാനേം വല്യുമ്മാനേം കാണാൻ പോകാം ല്ലേ?'

'പോകാലോ. മോൻ ഉപ്പാനോട് ചോദിച്ച് സമ്മതം വാങ്ങിക്കോ.' ഉമ്മ സന്തോഷത്തോടെ പറഞ്ഞു. സ്വന്തം വീട്ടിലേക്കുള്ള യാത്ര ഉമ്മയ്ക്കും വലിയ സന്തോഷമാണല്ലോ.

കുഞ്ഞുമോൻ ചോദിച്ചപ്പോൾ ഉപ്പാക്കും വിരോധമൊന്നുമില്ല. സമയത്തിന്റെ പ്രശ്നമേയുള്ളൂ.

'എന്നാൽ നമുക്ക് വ്യാഴാഴ്ച വൈകുന്നേരം പോകാം. അന്നവിടെ പാർക്കാം. എന്നാൽ വെള്ളിയാഴ്ച ഉപ്പാക്ക് അവിടെ നിന്ന് ജോലിക്ക് പോകാലല്ലോ.'

ഉമ്മ പറഞ്ഞ അഭിപ്രായം എല്ലാവർക്കും സമ്മതമായി.

വ്യാഴാഴ്ച ഉപ്പ ജോലി കഴിഞ്ഞു വന്ന ശേഷമാണ് പുറപ്പെട്ടത്. മഗ്‌രിബ് നിസ്കാരം കഴിഞ്ഞിരുന്ന് വല്യുമ്മയും വല്ല്യുപ്പയും ഖുർആനോതുകയാണ്. മാമന്റെ മക്കൾ വട്ടം കൂടിയിരുന്നു സ്വലാത്ത് ചൊല്ലുന്നുണ്ട്. കുഞ്ഞുമോന് അത്ഭുതം; ഇന്ന് എന്താണിവിടെ ഇങ്ങനെ? എല്ലാ ദിവസവും ഇങ്ങനെയാണോ?

വിരുന്നുകാരെത്തിയപ്പോൾ ഓത്ത് നിന്നു, സ്വലാത്ത് നിന്നു. കുറച്ചുനേരം കുശലാന്വേഷണങ്ങൾ നടത്തിയ ശേഷം വല്യുപ്പ

പറഞ്ഞു: 'മക്കളേ, ഇന്ന് വെള്ളിയാഴ്ചരാവല്ലേ? വലിയ പോരിശുള്ള രാവാ. അൽ കഹ്ഫ് സൂറത്തോതണം, യാസീനോതണം, ദുഖാനോതണം, സജദയോതണം, റഹ്മാനോതണം, പിന്നെ പെരുത്ത് സ്വലാത്തും ചൊല്ലണം.'

അപ്പോൾ കുഞ്ഞുമോന്റെ ഉപ്പ പറഞ്ഞു: 'ഞങ്ങളും കൂടാലോ ഓതാനും ചൊല്ലാനും.'

അങ്ങനെ ഓത്തും സ്വലാത്തും തുടർന്നു. കുഞ്ഞുമോനും കുഞ്ഞ്യോളും മാമന്റെ മക്കളോടൊപ്പം സ്വലാത്ത് ചൊല്ലാനാണിരുന്നത്. ആയിരം സ്വലാത്ത് ചൊല്ലാനാണത്രേ വല്ല്യുപ്പ പറഞ്ഞത്. മാമന്റെ മകൻ റാഫിയുടെ കയ്യിൽ ഒരു കൗണ്ടറുണ്ട്. അതിൽ എണ്ണം പിടിച്ചാണ് സ്വലാത്ത് ചൊല്ലുന്നത്.

ഓത്തും സ്വലാത്തും ഇശാ നിസ്കാരവും കഴിഞ്ഞപ്പോഴേക്ക് അടുക്കളയിൽ നിന്ന് കോഴിക്കറിയുടെയും നെയ്ച്ചോറിന്റെയും മണം വന്നു. എത്ര പെട്ടെന്നാണ് വല്യുമ്മയും മാമിയും ചേർന്ന് വിഭവങ്ങളുണ്ടാക്കിയത്!

ഭക്ഷണം കഴിഞ്ഞ് കൂട്ടുകാരെല്ലാവരും കളികൾക്ക് വട്ടം കൂടിയപ്പോൾ വല്ല്യുപ്പ പറഞ്ഞു: 'ഇന്ന് കുറച്ചു നേരം കളിച്ചാൽ മതീട്ടോ.



വെള്ളിയാഴ്ച രാവാണ്. നാളെ രാവിലെയെണീറ്റ് ഇനിയും ഖുർആൻ ഓതുകയും സ്വലാത്ത് ചൊല്ലുകയും വേണം. മക്കൾക്കറിയാലോ, സൂര്യനുദിക്കുന്ന ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠതയുള്ള ദിവസം വെള്ളിയാഴ്ചയാണെന്നാണ് മുത്ത്റസൂൽ പറഞ്ഞത്.'

******

രാവിലെ എഴുന്നേറ്റപ്പോഴും വല്യുമ്മയും വല്ല്യുപ്പയും ഖുർആനോതുക തന്നെയാണ്. ഇന്നലെ രാത്രി ഇവരൊന്നും ഉറങ്ങിയിട്ടില്ലെന്നു തോന്നിപ്പോയി. കുഞ്ഞുമോൻ റാഫിയോട് ചോദിച്ചപ്പോൾ പറഞ്ഞു: 'വല്യുമ്മയും വല്യുപ്പയും അങ്ങനെയാ... അധികനേരവും ഓത്തും ദിക്റുമാ.' നാസ്ത കഴിഞ്ഞ് കളികളിൽ മുഴുകിയപ്പോഴാണ് വല്ല്യുപ്പ വന്നു വിളിക്കുന്നത്: 'ഇനി എല്ലാവരും വരൂ. കുളിക്കാൻ നേരമായി. പള്ളിയിൽ പോകണ്ടേ?'

'പള്ളിയിൽ പോകാൻ കുളിക്കണോ?' കുഞ്ഞുമോനാണ് ചോദിച്ചത്.

'ങാ... മോനേ, വെള്ളിയാഴ്ച ജുമുഅക്ക് പോകുന്നതിനു മുമ്പ് കുളി സുന്നത്താണ്. ജുമുഅക്ക് വേണ്ടി കുളിക്കുന്നു എന്ന് നിയ്യത്ത് ചെയ്ത് കുളിച്ചാൽ അതിന്റെ കൂലിയുണ്ടാകും.' അപ്പോഴാണ് കുഞ്ഞുമോനോർത്തത്, ഇതൊക്കെ മദ്റസയിൽ പഠിച്ചതാണല്ലോ. നല്ലോണം പഠിച്ചതാണെങ്കിലും എന്നും അതിനനുസരിച്ച് ചെയ്തില്ലെങ്കിൽ മറന്നുപോകും.

ആൺകുട്ടികളെല്ലാം കുളിച്ചു റെഡിയായി വന്നപ്പോഴേക്കും വല്ല്യുപ്പ നല്ല വെള്ളക്കുപ്പായവും വെള്ളത്തുണിയും തൊപ്പിയും അണിഞ്ഞ് അത്തർ പൂശി പള്ളിയിൽ പോകാനൊരുങ്ങി നിൽക്കുന്നുണ്ടായിരുന്നു. അതുകണ്ട് കുഞ്ഞുമോൻ ചോദിച്ചു: 'പന്ത്രണ്ടരക്കല്ലേ ബാങ്ക്? ഇപ്പോൾ പതിനൊന്നു മണിയായിട്ടല്ലേയുള്ളൂ?'

'പള്ളിയിലേക്ക് നേരത്തെ പോകണമെന്ന് കുഞ്ഞ്യോൻ പഠിച്ചിട്ടില്ലേ?' വലിയുപ്പ ചോദിച്ചു.

'പഠിച്ചിട്ടുണ്ട്. എന്നാലും ഇത്ര നേരത്തെ പോകണോ?'

'സൂര്യനുദിച്ച ശേഷം എത്ര നേരത്തെ പോകാൻ

കഴിയുമോ, അത്രയും നേ
രത്തെ പോകണമെന്നാണ്
മക്കളേ, മുത്തുനബി(സ) പ
ഠിപ്പിച്ചത്. നിങ്ങൾ കേട്ടിട്ടി
ല്ലേ, ആദ്യ നേരത്ത് പള്ളി
യിലേക്ക് പോകുന്നവർക്ക്
ഒരു ഒട്ടകത്തെ അറുത്ത്
ദാനം ചെയ്തതിന്റെ കൂലി
യാ കിട്ടുക. രണ്ടാം നേര
ത്ത് പോകുന്നവർക്ക് ഒരു
കാളയെ അറുത്തുദാനം
ചെയ്യുന്നതിന്റെ കൂലിയാണു
ണ്ടാവുക. മൂന്നാം നേരത്ത്
പോകുന്നവർക്ക് ഒരാടിനെ
അറുത്തുകൊടുക്കുന്ന കൂലി
യേ ഉണ്ടാവൂ. നാലാം നേര
ത്തായാലോ, ഒരു കോഴിമുട്ട
ദാനം ചെയ്ത കൂലി മാത്ര
മേ കിട്ടൂ.'

'നാലാം നേരവും കഴി
ഞ്ഞാലോ?' റാഫി ചോദിച്ചു.

'അപ്പോഴേക്കും ഖത്വീ
ബ് മിമ്പറിൽ കയറിയിട്ടുണ്ടാ
വും. ഖുതുബ തുടങ്ങിയാൽ
പിന്നെ ചെല്ലുന്നവർക്ക് ഈ
കൂലിയൊന്നും കിട്ടില്ല. നേ
രത്തെ വരുന്നവരുടെ ലിസ്റ്റു
ണ്ടാക്കാൻ വന്ന മലക്കുകൾ
കിതാബ് പൂട്ടിവെച്ച് പോയി
ട്ടുണ്ടാവും.'

വല്യുപ്പ ഇങ്ങനെ



പറഞ്ഞപ്പോൾ കുഞ്ഞ്യോനും റാഫിക്കും തിരക്കായി. എന്നാൽ, വേഗം പോകാം, ഒരാടിനെ അറുത്തു ദാനം ചെയ്ത കൂലിയെങ്കിലും കിട്ടിയെങ്കിൽ!

വല്യുപ്പ മുന്നിൽ നടക്കാൻ തുടങ്ങിയപ്പോൾ കുഞ്ഞുമോന് സംശയം, നടന്നാണോ പോകുന്നത്? വല്യുപ്പ കാറെടുക്കും എന്നാണ് അവൻ കരുതിയത്. ചോദ്യം കേട്ടപ്പോൾ വലിയുപ്പ പറഞ്ഞു: 'മോനേ, പള്ളിയിലേക്ക് അധികം ദൂരമൊന്നുമില്ലല്ലോ. നടന്നു പോകുന്നതാണ് നല്ലത്. മുത്തുനബി (സ) പറഞ്ഞതെന്താണെന്നോ, പള്ളിയിലേക്ക് നടക്കുമ്പോൾ ഓരോ കാലടിക്കുമനുസരിച്ച് കൂടുതൽ പ്രതിഫലം ലഭിക്കുമെന്ന്. എത്ര കൂടുതൽ നടക്കുന്നോ അത്രയും കൂലി ലഭിക്കും.'

അതുകേട്ടതോടെ നടത്തത്തിന് ഉത്സാഹം കൂടി. നടക്കുന്നതിനിടയിൽ, പള്ളിയിലെത്തിയാൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് വല്യുപ്പ പറഞ്ഞുകൊണ്ടിരുന്നു: 'പള്ളിയിലെത്തിയാൽ രണ്ടു റക്അത്ത് തഹിയ്യത്ത് നിസ്കരിക്കണം. പള്ളിക്കുള്ള സമ്മാനമാണത്. പിന്നെ, അവിടെ ചെറിയ കിതാബുകൾ കാണാം. അൽകഹ്ഫും സ്വലാത്തുമാണതിലുള്ളത്. അതെടുത്ത് ഓതണം. ബാങ്ക് വിളിച്ചാൽ ജുമുഅക്കു മുമ്പുള്ള സുന്നത്ത് നിസ്കരിക്കണം. പിന്നെ മആശിറ വിളിക്കും.'

'മആശിറവിളി' എന്നാൽ എന്താണ് വല്ല്യുപ്പാ?' കുഞ്ഞുമോന് സംശയം.

'അതൊരു മുന്നറിയിപ്പാണെടോ. ജുമുഅ പാവപ്പെട്ടവരുടെ ഹജ്ജാണ്, വിശ്വാസികളുടെ പെരുന്നാളാണ്, രണ്ടു ഖുതുബക്ക് രണ്ടു റക്അത്ത് നിസ്കാരത്തിന്റെ സ്ഥാനമാണുള്ളത്. ഈ ഖുതുബ ശ്രദ്ധിച്ചു കേൾക്കണം. അപ്പോൾ സംസാരിക്കാൻ പാടില്ല. സംസാരിക്കുന്നവർ അശ്രദ്ധവാന്മാരാണ്. അശ്രദ്ധ കാണിക്കുന്നവർക്ക് ജുമുഅയുടെ പ്രതിഫലം ലഭിക്കില്ല. എന്നൊക്കെയാണ് മആശിറ വിളിക്കുന്നയാൾ പറയുന്നത്.

'മക്കളേ, നിങ്ങൾ കേൾക്കുന്നുണ്ടോ?' വല്ല്യുപ്പ ചോദിച്ചപ്പോൾ എല്ലാവരും പറഞ്ഞു: 'ങാ... കേൾക്കുന്നുണ്ട്.'

'എന്നാൽ, ഖുതുബ കേൾക്കുമ്പോൾ മൗനമായി ശ്രദ്ധിച്ചിരിക്കണം കേട്ടോ.'

വല്യുപ്പ പിന്നെയും പല കാര്യങ്ങളും പറഞ്ഞുകൊണ്ടിരുന്നു. പള്ളിയിലെത്തിയപ്പോൾ കുറച്ചാളുകളെ മാത്രമേ കാണാനുള്ളൂ. അപ്പോൾ റാഫി ചോദിച്ചു: 'വല്ല്യുപ്പാ, നമ്മൾക്ക് എന്തു ദാനം ചെയ്ത കൂലിയാ കിട്ടുക?'

'ആടിനെ അറുത്തു ദാനം ചെയ്ത് നൽകിയ കൂലിയെങ്കിലും കിട്ടിയിരുന്നെങ്കിൽ...!' എന്നു പറഞ്ഞ് വല്ല്യുപ്പ നെടുവീർപ്പിട്ടു. ❖

നബികഥ

# അതുല്യസമ്മാനം

ഒരിക്കൽ ഒരു സ്ത്രീ സ്വന്തമായി നെയ്തുണ്ടാക്കിയ നല്ലൊരു വസ്ത്രം തിരുനബി(സ)ക്ക് സമ്മാനിച്ചു. തങ്ങൾക്കത് നന്നായി ഇഷ്ടപ്പെട്ടു. സന്തോഷപൂർവ്വം ആ മനോഹരമായ വസ്ത്രമണിഞ്ഞ് മുത്തുനബി(സ) പുറത്തിറങ്ങി. അതു കണ്ട ഒരു ഗ്രാമീണൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ആ വസ്ത്രം അവിടുന്നെനിക്ക് സമ്മാനമായി നൽകുമോ?' പ്രവാചകർ സന്തോഷപൂർവ്വം ആ അഭ്യർത്ഥന സ്വീകരിച്ചു. അദ്ദേഹത്തിനത് സമ്മാനിച്ചു. ഇതു കണ്ട് കൂടെയുള്ളവർ അല്പം നീരസത്തോടെ അദ്ദേഹത്തോട് ചോദിച്ചു: 'ചോദിക്കുന്നവരെ നിരാശപ്പെടുത്താത്തവരാണ് അല്ലാഹുവിന്റെ റസൂൽ എന്നറിയില്ലേ? പ്രവാചകർ ഇഷ്ടപ്പെട്ടു ധരിച്ച വസ്ത്രം എന്തിനാണ് താങ്കൾ ചോദിച്ചുവാങ്ങിയത്?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ധരിച്ചുനടക്കാൻ വേണ്ടിയല്ല; പ്രവാചകരുടെ പൂമേനി സ്പർശിച്ച ആ അനുഗൃഹീത വസ്ത്രം സൂക്ഷിച്ചുവെക്കാനും മരണപ്പെടുമ്പോൾ കഫൻപുടവയാക്കാനും വേണ്ടിയാണ് ഞാൻ ചോദിച്ചുവാങ്ങിയത്.' പിന്നീട് ആ വസ്ത്രം അഭിലാഷം പോലെ അദ്ദേഹത്തിന്റെ കഫൻപുടവയായിത്തീർന്നു. ❖


ഹോജ
ഹോജ മരുഭൂമിയിലൂടെയുള്ള യാത്രക്കിടയിൽ
ഹൗ! വല്ലാത്ത ചൂട്. ഇത് ഇവിടെയിരിക്കട്ടെ. അല്പനേരം വിശ്രമിക്കാം.
പെട്ടെന്ന് ഒരു കഴുകൻ വന്ന് ഹോജയുടെ തലപ്പാവുമായി പറക്കാൻ തുടങ്ങി.
ങേ! ഹയ്യോ എന്റെ തലപ്പാവ്!
പ്രിയപ്പെട്ട പക്ഷീ, എന്റെ തലപ്പാവ് തിരിച്ചുതരു…
അല്ലാഹുവിന് സ്തുതി! തലപ്പാവ് അഴിച്ചു വെച്ചില്ലായിരുന്നുവെങ്കിൽ ആ പക്ഷി എന്നെയും റാഞ്ചിക്കൊണ്ടുപോകുമായിരുന്നു.

# ദിശയറിയും ശലഭങ്ങൾ

നക്ഷത്രങ്ങൾ നോക്കി സഞ്ചാരദിശയറിയുന്നവരുടെ കൂട്ടത്തിൽ മനുഷ്യരും ദേശാടനക്കിളികളും മാത്രമല്ല, ചില നിശാശലഭങ്ങളും ഉൾപ്പെടുന്നുണ്ടെന്നാണ് പുതിയ പഠനം. ഓസ്ട്രേലിയയിലെ ബൊഗോംഗ് നിശാശലഭങ്ങളാണ് ഈ സഞ്ചാരികൾ. പൂർണമായും രാത്രിസഞ്ചാരികളായ ഇവയുടെ ചിറകുകൾ തമ്മിലുള്ള അകലം അഞ്ച് സെന്റിമീറ്ററാണ്.



വസന്തകാലത്തെ ചൂടിൽനിന്ന് രക്ഷപ്പെടാൻ തെക്കുകിഴക്കൻ ഓസ്ട്രേലിയയിൽ നിന്ന് ആൽപ്സിലെ തണുത്ത ഗുഹകളിലേക്ക് സഞ്ചരിക്കാനാണിവ നക്ഷത്രങ്ങളുടെ സഹായം തേടുന്നത്. ഏകദേശം 1000 കിലോമീറ്റർ സഞ്ചരിച്ച് തണുപ്പുള്ള പ്രദേശങ്ങളിലെത്തി ശിശിരനിദ്രയിലാഴുന്ന ഇവ ഇണചേരാനും മരിക്കാനുമായി തെക്കുകിഴക്കൻ ഓസ്ട്രേലിയയിലേക്ക് തിരികെപ്പറക്കുന്നുമുണ്ട്. സ്വീഡനിലെ ലുൺഡ് യൂണിവേഴ്സിറ്റിയിലെ സെൻസറി ബയോളജി വിഭാഗത്തിന്റെ തലവനായ എറിക് വാറന്റും സംഘവുമാണ് ഇതുസംബന്ധിച്ച പഠനം നടത്തി നേച്ചർ ജേണലിൽ പ്രസിദ്ധീകരിച്ചത്.

അകശേരുകളായ ജീവികളിൽ ആദ്യമായാണ് ഈ കഴിവ് തിരിച്ചറിയപ്പെടുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

നക്ഷത്രങ്ങൾ മാത്രമല്ല, ഇവയ്ക്ക് വഴി കാണിക്കുന്നതിൽ ഭൂമിയുടെ കാന്തികമണ്ഡലത്തിനും പങ്കുണ്ടെന്ന് ഈ സംഘം തന്നെ മുമ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു. ഈ രണ്ട് സൂചനകൾ ദീർഘകാലമായി ഉപയോഗിച്ചതുമൂലം ഈ ജീവികളിൽ ഒരു ഓർമ്മ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അതുവഴി, കാന്തിക അപാകമുണ്ടെങ്കിലോ രാത്രിയിൽ ആകാശം മേഘാവൃതമാണെങ്കിലോ ഒക്കെ കൃത്യമായി ഈ ജീവികൾക്ക് വഴിയറിയാൻ സാധിക്കുമെന്നും പഠനം പറയുന്നു.

ഹരീഷ് ആർ നമ്പൂതിരിപ്പാട്

# മിന്നന്റെ വണ്ടി

‘നിനക്കുകൂടി ഞങ്ങളോടൊപ്പം ഓടാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര രസമായിരുന്നു അല്ലേ?’

മിന്നൻമുയലിനോട് കൂട്ടുകാരനായ ചിന്നുമുയൽ ചോദിച്ചു.

കാലുകൾക്കു സ്വാധീനമില്ലാത്ത മിന്നൻമുയലിന് കൂട്ടുകാർക്കൊപ്പം ഓടാനോ ചാടാനോ കഴിയില്ല. ചെറുപ്പത്തിൽത്തന്നെ അവന്റെ പാദങ്ങളുടെ ബലം നഷ്ടമായതാണ്. എങ്കിലും കൂട്ടുകാരായ ഡിങ്കിമാൻ, ലോപ്പുക്കുരങ്ങൻ, ചിണ്ടനെലി എന്നിവരുടെ സഹായത്തോടെ അവൻ ഉത്സാഹത്തോടെ കളിക്കാൻ പോകാറുണ്ട്.

നടക്കാൻ വയ്യാതെ കൂനിക്കൂടിയിരിക്കുന്ന മിന്നനോട് ചിലപ്പോൾ അവർ പറയും:

‘പുഴയുടെ വക്കത്താടിപ്പാടി
രസിച്ചു കളിച്ചീടാൻ
മടിയാതെത്തൂ, വേഗം വേഗം
ഞങ്ങടെ ചങ്ങാതീ...’

അപ്പോൾ മിന്നൻ ഉത്സാഹത്തോടെ അവരോടൊപ്പം പോകും. ഒരു ദിവസം ലോപ്പുക്കുരങ്ങൻ കൂട്ടുകാരോട് ചോദിച്ചു: ‘നമുക്ക് മിന്നനൊരു വണ്ടിയുണ്ടാക്കിക്കൊടുത്താലോ?’

‘അതു കൊള്ളാം. നല്ല ആശയം തന്നെ!’ കൂട്ടുകാരെല്ലാം കയ്യടിയോടെയാണ് ലോപ്പുവിന്റെ അഭിപ്രായം സ്വീകരിച്ചത്.

അതിന്നായി അവർ വീതികൂടിയ ഒരു തടിക്കഷണം കണ്ടെത്തി. ലോപ്പുച്ചേട്ടന്റെ സഹായത്തോടെ വളരെ കഷ്ടപ്പെട്ട് തടിക്കഷ്ണം പലകകളാക്കി മാറ്റിയെടുത്തു. ചിണ്ടനെലിയുടെ കൂട്ടുകാർ പലക കരണ്ടുമുറിച്ച് ചക്രങ്ങളുണ്ടാക്കി. പിടിച്ചിരിക്കാൻ പാകത്തിന് കമ്പും പിടിപ്പിച്ചു.

വണ്ടി തയ്യാറായപ്പോൾ അവർ മിന്നനെ അതിലിരുത്തി വലിച്ചുനോക്കി. ഉഗ്രൻ വണ്ടി! അവന് വലിയ

സന്തോഷമായി. അവൻ ഉത്സാഹത്തോടെ അതിലിരുന്ന് തുള്ളിച്ചാടി. ഏതാനും ദിവസം കഴിഞ്ഞപ്പോൾ വണ്ടി സ്വന്തമായി വേഗത്തിൽ ഓടിക്കാൻ മിന്നൻ പഠിച്ചു.

കൂട്ടുകാർ മിന്നനോടൊപ്പം അടുത്ത കാട്ടിൽ വിരുന്നിനു പോകാൻ തീരുമാനിച്ചു. അവർ അവന് മിന്നുന്ന ഉടുപ്പും തലപ്പാവും സമ്മാനിച്ചു.

എന്നിട്ടവർ ആവേശത്തോടെ പാടി:

‘മിന്നന്റെ വണ്ടി മിന്നുന്ന വണ്ടി
വേഗത്തിലോടുന്ന കൊച്ചുവണ്ടി.



മിന്നിത്തിളങ്ങും തലപ്പാവുകെട്ടി,
മിന്നൻ വരുന്ന വരവു കണ്ടോ?’

മിന്നൻ അതുകേട്ട് ആഹ്ലാദം പ്രകടിപ്പിച്ചു. വണ്ടി നിർമിച്ചു നൽകിയ കൂട്ടുകാർക്ക് നന്ദി പറയാനും മിന്നൻ മറന്നില്ല.

❖

# കൊമ്പ് വേണം



കാട്ടിലൂടെ നടക്കുമ്പോഴാണ് കുറുക്കൻ വിഷമത്തോടെ നടക്കുന്ന കരടിച്ചേട്ടനെ കണ്ടത്.
കരടിച്ചേട്ടാ, എന്താണിങ്ങനെ വിഷമിച്ചു തല താഴ്ത്തി നടക്കുന്നത്?
എനിക്ക് കൊമ്പുകളില്ലല്ലോ!
കൊമ്പുകളുണ്ടായിരുന്നെങ്കിൽ എനിക്ക് തലയുയർത്തി നടക്കാമായിരുന്നു.
അത്രയുള്ളോ? അതിനു വഴിയുണ്ട്.
ഗ്രാമത്തിൽ ഒരു ഇരുമ്പു പണിക്കാരനുണ്ട്.
അയാൾ ഉഗ്രൻ കൊമ്പുകൾ ഉണ്ടാക്കി തലയിൽ ഉറപ്പിച്ചു തരും.
ഹതു കൊള്ളാം! ഇന്ന് തന്നെ ഗ്രാമത്തിൽ പോകണം.


കരടി ഗ്രാമത്തിലെത്തി.
അതുതന്നെയാണ് കുറുക്കൻ പറഞ്ഞ ഇരുമ്പു പണിക്കാരന്റെ വീട്.
സുഹൃത്തേ, എനിക്ക് മനോഹരമായ കൊമ്പുകൾ ഉണ്ടാക്കിത്തരാമോ?
ങേ!
ശരി. കൊമ്പുകൾ ഞാൻ ഉണ്ടാക്കിത്തരാം.
പക്ഷേ, അത് ഉറപ്പിക്കാൻ തലയിൽ രണ്ട് ദ്വാരം ഉണ്ടാക്കേണ്ടിവരും.
ങേ! തലയിൽ ദ്വാരമുണ്ടാക്കുകയോ?
കരടി കാട്ടിലേക്ക് ഓടിപ്പോയി.
ഹ! ഹ!
തലയിൽ ദ്വാരമുണ്ടാക്കി കൊമ്പുവെച്ചാൽ എനിക്കു ജീവനുണ്ടാവില്ല.

◦ വായനക്കുറിപ്പ്

# ഹലീമ ബീവി(റ); മുത്തുനബി(സ)യുടെ പോറ്റുമ്മ

**ലോ**കപ്രവാചകരായ തിരുനബി(സ)യെ മുലയൂട്ടാൻ മഹാഭാഗ്യം ലഭിച്ച ഒരു പാവപ്പെട്ട ഉമ്മയുടെ കഥയാണ് മുഹമ്മദ് പാറന്നൂർ എഴുതിയ ഹലീമാബീവിയുടെ പൊന്നുമോൻ എന്ന പുസ്തകത്തിലുള്ളത്. അനാഥനായിരുന്ന മുത്തുനബി(സ)യെ മുലയൂട്ടാൻ ഏറ്റെടുത്തതു മുതൽ അവർക്കുണ്ടായ അത്ഭുതകരമായ അനുഭവങ്ങളും സൗഭാഗ്യങ്ങളും ആത്മകഥാരൂപത്തിലാണ് ഇതിൽ ആവിഷ്കരിച്ചിരിക്കുന്നത്.

പിറന്നതു മുതൽ നാലു വയസ്സുവരെ മുത്തുനബി(സ) ഹലീമബീവിയുടെ ശിക്ഷണത്തിലാണ് വളർന്നത്. ദാരിദ്ര്യത്തിന്റെ ആഴക്കയത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് ബനുസഅദ് ഗോത്രത്തിലെ ഉമ്മമാരോടൊപ്പം മുലയൂട്ടാൻ കുഞ്ഞുങ്ങളെ ഏറ്റെടുക്കുന്നതിനു വേണ്ടി ഹലീമബീവിയും മക്കയിലെത്തിയത്. കൂടെയുള്ളവർക്കെല്ലാം മുലയൂട്ടാൻ കുഞ്ഞുങ്ങളെ കിട്ടി. പക്ഷേ, ഹലീമാബീവിക്ക് കിട്ടിയില്ല. അതേസമയം, ഉപ്പയില്ലാത്തതിനാൽ ഉന്നതതറവാട്ടുകാരായിട്ടും മുത്തുനബി(സ)യെ ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. അവസാനം ഹലീമ ബീവിക്കാണ് ആ സൗഭാഗ്യം ലഭിച്ചത്. അവർ സന്തോഷത്തോടെ മുത്തുനബി(സ)യെ ഏറ്റെടുത്തു.

കുഞ്ഞിനെ ഏറ്റെടുത്ത




ത് മുതൽ ഹലീമബീവിക്കും കുടുംബത്തിനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പെയ്തിറങ്ങാൻ തുടങ്ങി. വീടിനു ചുറ്റുമുണ്ടായിരുന്ന ഉണങ്ങിവരണ്ട സസ്യങ്ങളും മരങ്ങളും തളിർക്കാൻ തുടങ്ങി. സമൃദ്ധമായി ആഹാരം ലഭിച്ചപ്പോൾ അവരുടെ മെലിഞ്ഞുണങ്ങിയ ഒട്ടകങ്ങളും ആടുകളും തടിച്ചുകൊഴുത്തു. അവ കൂടുതൽ പാൽ ചുരത്താൻ തുടങ്ങി. വീടിനകത്ത് സുഗന്ധം പരക്കാൻ തുടങ്ങി. പല പണ്ഡിതന്മാരും ഈ കുഞ്ഞ് അന്ത്യപ്രവാചകനാണെന്ന് പ്രവചിച്ചു. ഇതെല്ലാം മഹതിയെ അത്ഭുതപ്പെടുത്തി. അങ്ങനെ കുഞ്ഞുവളർന്നു. മുലകുടിപ്രായം കഴിഞ്ഞിട്ടും മുത്തുനബി(സ)യെ വളർത്താൻ തനിക്കു വിട്ടുതരാൻ മഹതി അനുമതി തേടി. തിരുനബി(സ) വളർന്നു വലുതായി പ്രവാചകനായപ്പോൾ ജീവനെക്കാൾ ആ മകനെ സ്നേഹിച്ച ബീവി മക്കയിൽ പോയി തിരുനബിയെ കണ്ട് ഇസ്ലാം സ്വീകരിച്ചു.

തിരുനബി(സ)യുടെ കുട്ടിക്കാലത്തെ ഓരോ അനുഭവവും വായനക്കാരുടെ മനസ്സിൽ സന്തോഷവും വിസ്മയവും നൽകുന്നു. മുത്തുനബി(സ)യുടെ ജനനം മുതൽ മരണം വരെയുള്ള ഹലീമാബീവിയുടെ എല്ലാ അനുഭവങ്ങളും വിവരിക്കുന്നതാണ് 'ഹലീമാ ബീവിയുടെ പൊന്നുമോൻ' എന്ന കൃതി.

**നഫീസത്തുൽ മിസ്രിയ്യ**
(അൽഹസനിയ്യ മദ്റസ, തളിപ്പറമ്പ് റെയ്ഞ്ച്, കണ്ണൂർ)

**തടാകങ്ങളുടെ നാട്**

ലോകത്തിൽ ഏറ്റവും കൂടുതൽ തടാകങ്ങളുള്ള രാജ്യമാണ് കാനഡ. ഏകദേശം ഇരുപതു ലക്ഷത്തോളം തടാകങ്ങൾ കാനഡയിലുണ്ട്.

മനാസിർ പട്ല



# സ്വാതന്ത്ര്യസമരം നാൾവഴികൾ

- **1857** മെയ് 10 – മീററ്റിൽ ഒന്നാം സ്വാതന്ത്ര്യസമരത്തുടക്കം. തോക്കിൽ മൃഗക്കൊഴുപ്പ് പുരട്ടിയ തിരകൾ ഉപയോഗിക്കാൻ സൈനികരെ നിർബന്ധിച്ചതാണ് വിപ്ലവത്തിന് പ്രധാന ഹേതു. വിപ്ലവകാരികൾ ബഹാദുർ ഷാ രണ്ടാമനെ ചക്രവർത്തിയായി വാഴിച്ചു.
- 1885 ഡിസംബർ 28 – ഇംഗ്ലീഷുകാരനായ എ.ഒ.ഹ്യൂം ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപവത്കരിച്ചു.
- 1905 – കഴ്സൺപ്രഭു ബംഗാൾ പ്രവിശ്യയെ രണ്ടായി വിഭജിക്കാൻ തിരുമാനിച്ചു. ഹിന്ദു-മുസ്‌ലിം ഐക്യം തകർക്കുകയായിരുന്നു ലക്ഷ്യം. ഇതിനെതിരെ ബാലഗംഗാധർതിലകിന്റെ സ്വദേശിപ്രസ്ഥാനം വിഭജനവിരുദ്ധപ്രക്ഷോഭം തുടങ്ങി.
- 1911 – ഹാർഡിങ് പ്രഭു ബംഗാൾ വിഭജനം റദ്ദാക്കി.
- 1907 – സൂറത്ത് വാർഷിക സമ്മേളനത്തിൽ

കോൺഗ്രസ് രണ്ടായി പിരിഞ്ഞു.

- 1916 – ഇരു വിഭാഗങ്ങളും ഒരുമിച്ചു. കോൺഗ്രസും ഓൾ ഇന്ത്യ മുസ്ലിംലീഗും ബ്രിട്ടീഷ്‌വിരുദ്ധ സമരങ്ങളിൽ ഒന്നിക്കാനുള്ള ലഖ്നൗ ഉടമ്പടി ഒപ്പുവെച്ചു.
- 1917 – ചമ്പാരനിലെ നീലം കർഷകരുടെ സത്യഗ്രഹത്തിൽ പങ്കെടുത്തുകൊണ്ട് ഗാന്ധിജി സ്വാതന്ത്ര്യസമരത്തിലേക്ക്.
- 1919 – റൗലറ്റ് ആക്ടിനെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ രാജ്യവ്യാപക ഹർത്താൽ. ഏപ്രിൽ 13ന് ജാലിയൻവാലാബാഗിൽ സൈന്യത്തിന്റെ വെടിവെയ്പ്പിൽ ആയിരത്തിലേറെ മരണം.
- 1920 – ഓഗസ്റ്റിൽ ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനത്തിന് രൂപം നൽകി.
- 1921 – മലബാർ സമരം, ചെറുത്തു നിൽപ്പ്
- 1922 ഫെബ്രുവരി 5 – ചൗരിചൗരായിൽ സമരക്കാർ പോലീസ് സ്റ്റേഷൻ ആക്രമിച്ചു. സംഭവത്തിൽ ദുഃഖിതനായ ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം അവസാനിപ്പിച്ചു.
- 1927 – ഇന്ത്യയുടെ ഭരണഘടനാ പരിഷ്കാരങ്ങൾക്കായി ബ്രിട്ടീഷ് സർക്കാർ സൈമൺ കമ്മിഷൻ രൂപവത്കരിച്ചു.
- 1929 – ഇന്ത്യൻ നാഷണൽ കോൺഗ്രസ് ലാഹോർ സമ്മേളനത്തിൽ പൂർണ്ണ സ്വരാജ് പ്രഖ്യാപിച്ചു.
- 1930 – മാർച്ച് 12ന് സബർമതി ആശ്രമത്തിൽ നിന്ന് ഗാന്ധിജിയും പ്രതിനിധികളും ദണ്ഡിയാത്ര നടത്തി ഉപ്പുനിയമം ലംഘിച്ചു.
- 1932 – രണ്ടാം വട്ടമേശ സമ്മേളനം
- 1942 ഓഗസ്റ്റ് 8 – ബോംബെയിലെ കോൺഗ്രസ് സമ്മേളനത്തിൽ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകാനും അധികാരം കൈമാറാനും ആവശ്യപ്പെട്ടുകൊണ്ട്



കിറ്റ് ഇന്ത്യ പ്രമേയം പാസാക്കി. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന ആഹ്വാനം ഗാന്ധിജി മുന്നോട്ടുവച്ചു.

- 1945 – ബ്രിട്ടനിൽ ലേബർപാർട്ടി അധികാരത്തിൽ.
- 1946 – ബ്രിട്ടീഷ് പ്രധാനമന്ത്രി ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ കാബിനറ്റ് മിഷൻ രൂപികരിച്ചു.
- 1946 സെപ്റ്റംബർ – വൈസ്രോയിയായ വേവൽ പ്രഭു ഇടക്കാല മന്ത്രിസഭ രൂപവത്കരിക്കാൻ കോൺഗ്രസിനെ ക്ഷണിച്ചു. നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാല മന്ത്രിസഭ നിലവിൽ വന്നു.
- 1947 ജൂൺ 3 – ബ്രിട്ടീഷ് ഇന്ത്യയെ ഇന്ത്യ-പാകിസ്ഥാൻ എന്നീ രാജ്യങ്ങളായി വിഭജിക്കുന്ന മൗണ്ട്ബാറ്റൺ പദ്ധതി (ഇന്ത്യ ഇൻഡിപെൻഡൻസ് ആക്ട്) പ്രഖ്യാപിച്ചു.
- 1947 ജൂൺ 18 – ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുന്ന 'ഇന്ത്യൻ ഇൻഡിപെഡൻസ് ആക്ട്' പാസാക്കി.
- 1947 ഓഗസ്റ്റ് 15 – ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു.

ശാസ്ത്രശാല

# ചൂടും തണുപ്പും

സാധാരണ നാം ഉപയോഗിക്കുന്ന റബ്ബർബാൻഡിന് തണുപ്പാണോ ചൂടാണോ അനുഭവപ്പെടുക? നമുക്ക് നോക്കാം.

**ആവശ്യമായ വസ്തു:**
ഒരു റബ്ബർബാൻഡ്.

**ചെയ്യേണ്ട വിധം:**

ഒരു റബ്ബർബാൻഡ് നിങ്ങളുടെ കവിളിൽ ചേർത്തുപിടിക്കുക. അതിന്റെ താപനില മനസ്സിലാക്കുക. ഇനി റബ്ബർബാൻഡ് വിരലുകൾ കൊണ്ട് നീട്ടിപ്പിടിച്ച് ഉടനെ കവിളിൽ ചേർത്തുപിടിക്കുക.



**സംഭവിക്കുന്നത്:**

റബ്ബർബാൻഡ് ആദ്യം കവിളിൽ വെച്ചപ്പോൾ നേരിയ തണുപ്പനുഭവപ്പെട്ടിരുന്നു. പക്ഷേ, വലിച്ചുനീട്ടി റബ്ബർബാൻഡ് കവിളിൽ വെച്ചപ്പോൾ നേരിയ ചൂട് അനുഭവപ്പെടുന്നു. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്നറിയാമോ? സാധാരണ ഒരു വാതകമോ ദ്രാവകമോ വികസിക്കുമ്പോൾ തണുപ്പാണ് അനുഭവപ്പെടുക. റബ്ബർബാൻഡ് വികസിക്കുമ്പോൾ ചൂടാണ് അനുഭവപ്പെടുക. ദ്രാവകമോ വാതകമോ വികസിക്കുമ്പോൾ, വികാസത്തിനാവശ്യമായ ഊർജ്ജം അത് ദ്രാവകത്തിൽ നിന്ന് / വാതകത്തിൽ നിന്ന് തന്നെ എടുക്കുന്നു. അപ്പോഴത് തണുക്കുന്നു. റബ്ബർബാൻഡ് വലിച്ചുനീട്ടുമ്പോൾ അത് ആന്തരികോർജ്ജം ഉപയോഗിക്കുന്നില്ല. പുറത്തുനിന്നാണ് അതിലേക്ക് ഊർജ്ജം ലഭിക്കുന്നത്. അപ്പോൾ അതിന്റെ ആന്തരികോർജ്ജം വർദ്ധിക്കുകയും താപനില ഉയരുകയും ചെയ്യുന്നു. അതുകൊണ്ട് തൊടുമ്പോൾ അല്പം ചൂടനുഭവപ്പെടുന്നു.

# ധർമ്മ സമരം

പട്ടണക്കാട് അബ്ദുൽഖാദർ

ഇസ്‌ലാമിക സാമ്രാജ്യത്തിലെ നാലാം ഖലീഫയായിരുന്നു അലി(റ). തിരുനബി(സ)യുടെ പിതൃവ്യപുത്രൻ, സന്തതസഹചാരി, മകൾ ഫാതിമ(റ)യുടെ ഭർത്താവ്!

ഒരിക്കൽ ശത്രുക്കളെ പ്രതിരോധിക്കാനായി യുദ്ധക്കളത്തിലിറങ്ങിയ അലി(റ) കരുത്തനായ ഒരു ശത്രുവുമായി ഏറ്റുമുട്ടി. പൊരിഞ്ഞ യുദ്ധം! ഒടുവിൽ ശത്രുവിന്റെ വാൾ അലി(റ) തട്ടിത്തെറിപ്പിച്ചു. നിരായുധനായെങ്കിലും ശത്രു കീഴടങ്ങുവാൻ കൂട്ടാക്കിയില്ല. അയാളെ വധിക്കാൻ വാളുയർത്തിയപ്പോഴാണ് അലിയാരുടെ മുഖത്തേക്ക് കാർക്കിച്ചു തുപ്പിയത്. അതോടെ അലി(റ) ഉയർത്തിയ വാൾ സാവധാനം ഉറയിലിട്ട് പിന്തിരിഞ്ഞു. മരണം മുന്നിൽ കണ്ട ശത്രു അത്ഭുതം കൂറി.

വീരശൂരനായ അലി(റ)വിനോട് പുച്ഛത്തോടെ പ്രതിയോഗി ചോദിച്ചു: ‘എന്താ, പിന്മാറുകയാണോ? അതോ എന്നെ തടവിലാക്കാനാണോ ഭാവം?’

'ഞാൻ ആക്രമണത്തെ പ്രതിരോധിക്കാനുള്ള ധർമ്മസമരമാണ് നടത്തിയത്. അക്രമികളെ തോൽപ്പിക്കുകയാണ് ലക്ഷ്യം. താങ്കളെന്റെ മുഖത്ത് തുപ്പിയപ്പോൾ സ്വാഭാവികമായും അതെന്നിൽ വെറുപ്പുളവാക്കി. വെറുപ്പ് തിന്മയുടെ അടയാളമാണല്ലോ. ആരെയും വെറുക്കരുതെന്നും പരസ്പരം സ്നേഹിക്കണമെന്നുമാണ് തിരുദൂതർ(സ) പഠിപ്പിച്ചിട്ടുള്ളത്. ആ സമയത്ത് ഞാൻ താങ്കളെ വധിച്ചാൽ അത് ധർമ്മയുദ്ധമാവില്ല; എന്റെ പകപോക്കൽ മാത്രമാവും. അതുകൊണ്ടാണ് ഞാൻ പിന്മാറിയത്.'

അലി(റ)വിന്റെ മറുപടി കേട്ട് എതിരാളി വിസ്മയഭരിതനായി. ഉള്ളിൽ നിറഞ്ഞുനിന്ന വീറും വാശിയും സ്വാർത്ഥതയും അലിഞ്ഞലിഞ്ഞില്ലാതായി! അലി(റ)വിനെ ആദരവോടെ നോക്കി അയാൾ നടന്നകന്നു.

❖

## ചെനാബിലെ വിസ്മയം

ലോകത്ത് ഏറ്റവും ഉയരംകൂടിയ റെയിൽവേ കമാനപാലമായ ചെനാബ് റെയിൽവേ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. ഉദംപുർ-ശ്രീനഗർ-ബാരാമുള റെയിൽ ലിങ്ക് പദ്ധതിയുടെ ഭാഗമാണിത്. ചെനാബ് നദിയിൽനിന്ന് 359 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പാലത്തിന് 1,315 മീറ്ററാണ് നീളം. 260 കിലോമീറ്റർവരെ വേഗത്തിൽ വീശുന്ന കാറ്റിനെയും ഭൂകമ്പത്തെയും ചെറുക്കാൻ കഴിയുന്ന തരത്തിലാണ് നിർമാണം. ഇതോടെ കത്രയ്ക്കും ശ്രീനഗറിനുമിടയിലുള്ള യാത്രാസമയം 5 മണിക്കൂറിൽ നിന്ന് 3 മണിക്കൂറായി കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. 1486 കോടി രൂപയാണ് നിർമാണച്ചെലവ്.

അബ്ദുൽമാജിദ് പി മോങ്ങം

# എല്ലാം പാതി

രാജപുരം എന്ന ഒരു ഗ്രാമത്തിൽ അപ്പു, പപ്പു എന്നീ സഹോദരങ്ങൾ ജീവിച്ചിരുന്നു. ഒരു ദിവസം അപ്പു പറഞ്ഞു: 'പപ്പൂ, നമുക്കിപ്പോൾ ആകെയുള്ള സമ്പാദ്യം ആ പേരയ്ക്കമരവും പശുവും കമ്പിളിയും മാത്രമാണ്. നമുക്കിവയെല്ലാം പാതിയാക്കി വീതിച്ചെടുത്താലോ?' 'അതു കൊള്ളാം.' പപ്പു സമ്മതിച്ചു.

അപ്പോൾ കുബുദ്ധിയായ അപ്പു പറഞ്ഞു: 'പേരയ്ക്കാമരത്തിന്റെ മുകൾഭാഗം ഞാനെടുക്കാം, താഴ്ഭാഗം നീ എടുത്തോ. പശുവിന്റെ മുൻഭാഗം നിനക്കും പിൻഭാഗം എനിക്കും. കമ്പിളി പകൽ നിനക്കും രാത്രി എനിക്കും.' കൂടുതലൊന്നും ചിന്തിക്കാൻ കഴിയാത്ത പാവത്താനായ പപ്പു സമ്മതം മൂളി.

അടുത്ത ദിവസം പപ്പു പേരയ്ക്ക പറിക്കാൻ വന്നപ്പോൾ അപ്പു പറഞ്ഞു: 'പഴം പറിക്കരുത്. മുകൾ ഭാഗം എന്റേതാണെന്നു പറഞ്ഞിട്ടില്ലേ?' അതു കേട്ട് നിരാശനായ പപ്പു പശുവിന് തീറ്റ കൊടുത്ത ശേഷം പാൽ കറയ്ക്കാനിരുന്നു. അപ്പോൾ അപ്പു പറഞ്ഞു: 'പശുവിന്റെ പിൻഭാഗം എനിക്കാണെന്ന കാര്യം മറന്നോ? പാൽ കറക്കാൻ എനിക്കാണ് അവകാശം.'



രാത്രി നല്ല തണുപ്പുണ്ടായിരുന്നു. പപ്പു



കമ്പിളിപ്പുതപ്പെടുത്ത് ഉറങ്ങാൻ കിടന്നപ്പോൾ അപ്പു ചോദിച്ചു: ‘പപ്പൂ, രാത്രിസമയത്ത് പുതപ്പ് എനിക്കാണെന്ന കരാർ മറന്നുപോയോ?’ പാവം പപ്പു തണുപ്പിൽ വിറച്ചുവിറച്ച് നേരം വെളുപ്പിച്ചു.

അടുത്ത ദിവസം ചന്തയിൽ പോകുമ്പോൾ പപ്പു സുഹൃത്തായ ദൊപ്പുവിനെ കണ്ടുമുട്ടി. തലേദിവസത്തെ ദുരനുഭവങ്ങൾ വിവരിച്ചപ്പോൾ ദൊപ്പു പപ്പുവിന് ചില സൂത്രങ്ങൾ പറഞ്ഞുകൊടുത്തു.

ചന്തയിൽ നിന്ന് മടങ്ങിവന്നപ്പോൾ അപ്പു പശുവിന്റെ പാൽ കറയ്ക്കുന്നതാണ് പപ്പു കണ്ടത്. ഉടനെ അവൻ ദൊപ്പു പറഞ്ഞുകൊടുത്ത സൂത്രമനുസരിച്ച് ഒരു ഈർക്കിലെടുത്ത് പശുവിന്റെ മൂക്കിൽ ഇക്കിളിയിട്ടു. ദേഷ്യം പിടിച്ച പശു കാലുകൊണ്ട് ഒറ്റ തൊഴി. പ്ധോം...! അപ്പുവും പാൽപ്പാത്രവും ദൂരേക്ക് തെറിച്ച് വീണു. ‘ഹേയ്, പപ്പു എന്തു പണിയാ കാണിച്ചേ? എന്തിനാ പശുവിന്റെ മൂക്കിൽ ഇക്കിളിയിട്ടത്?’ അപ്പു ദേഷ്യത്തോടെ ചോദിച്ചപ്പോൾ പപ്പു ചിരിച്ചുകൊണ്ട് പറഞ്ഞു: ‘പശുവിന്റെ മുൻഭാഗം എനിക്കാണെന്നു മറന്നോ? മൂക്കിലല്ലേ ഞാൻ ഇക്കിളിയിട്ടത്?’

വൈകുന്നേരം അപ്പു പേരയ്ക്ക പറിക്കാൻ ചെന്നപ്പോൾ പപ്പു ഒരു മഴുവെടുത്ത് മരത്തിന്റെ താഴ്ഭാഗം മുറിക്കാൻ ശ്രമിച്ചു. അപ്പു

ചോദിച്ചു: 'നീ എന്തു മണ്ടത്തരമാണ് കാണിക്കുന്നത്? മരം മുറിച്ചാൽ എങ്ങനെ ഞാൻ പേരയ്ക്ക പറിക്കും?'

അപ്പോൾ പപ്പു പറഞ്ഞു: 'മരത്തിന്റെ താഴ്ഭാഗം എന്റേതല്ലേ, ഞാൻ എന്റെ ഭാഗമല്ലേ മുറിച്ചുള്ളൂ!'

അതു കേട്ട് അപ്പു തല താഴ്ത്തി.

രാത്രി പുതയ്ക്കാൻ കമ്പിളിയെടുത്ത അപ്പു ഞെട്ടി; അതു മുഴുവൻ നനഞ്ഞിരിക്കുന്നു. അപ്പു പപ്പുവിനോട് ചോദിച്ചു: 'നീ എന്തിനാണ് പപ്പൂ കമ്പിളി നനച്ചത്?'

അപ്പോൾ പപ്പു പറഞ്ഞു: 'അത് ഞാൻ പകൽസമയത്ത് വെള്ളത്തിലിട്ടുവച്ചതാണ്. പകൽ എന്റെ ഊഴമായിരുന്നല്ലോ.'

തന്റെ തന്ത്രം പൊളിഞ്ഞുവെന്നു മനസ്സിലാക്കിയ അപ്പു പപ്പുവിനോട് ക്ഷമ ചോദിക്കുകയും പിന്നീടുള്ള കാലം അവർ രണ്ടുപേരും എല്ലാം പങ്കുവെച്ച് സന്തോഷത്തോടെ ജീവിക്കുകയും ചെയ്തു. തന്നെ സഹായിച്ച ദൊപ്പുവിന് നന്ദി പറയാനും പപ്പു മറന്നില്ല.



## തത്തമ്മയോട്

തങ്കപ്പെണ്ണേ തത്തമ്മേ
തത്തിത്തത്തി വന്നാട്ടെ
തളിരില വാഴക്കൈയിലിരുന്ന്
പൊരിവെയിൽ തട്ടിത്തളരാതെ
വരിവരിയായി നിരന്നുകിടക്കും
നറുനെല്ലിത്തിരി തിന്നാട്ടെ
എരിപൊരി കൊള്ളാതിത്തണലിൽ
തൂവൽ മിനുക്കിയിരുന്നാട്ടെ

രാജു കാഞ്ഞിരങ്ങാട്





# വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി

മുഹ്സിൻ കളത്തിൽകുണ്ട്

1921 ലെ മലബാർ സമരത്തെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടില്ലേ? ബ്രിട്ടീഷുകാരെ വിറപ്പിച്ച മലബാറിന്റെ വീരനായകനായിരുന്നു വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി. അക്കാലത്ത് ബ്രിട്ടീഷുകാർക്കെതിരെ വിവിധ ജാതി മതങ്ങളിലുള്ള ജനങ്ങളെ സംഘടിപ്പിക്കുന്നതിൽ അദ്ദേഹം വലിയ പങ്ക് വഹിച്ചു. ബ്രിട്ടീഷുകാരെ വെല്ലുവിളിച്ച് മലബാറിൽ അദ്ദേഹം മലയാളരാജ്യം എന്ന പേരിൽ ഒരു രാഷ്ട്രം തന്നെ രൂപീകരിച്ചിരുന്നു.

വാരിയംകുന്നത്ത് മൊയ്തീൻ കുട്ടി ഹാജിയുടെയും തുവ്വൂരിലെ പറവട്ടികുഞ്ഞായിശുമ്മയുടെയും മകനായി 1866ൽ മഞ്ചേരിക്കടുത്ത നെല്ലിക്കുത്തിലാണ് കുഞ്ഞഹമ്മദ് ഹാജിയുടെ ജനനം. 1894ലെ മണ്ണാർക്കാട് ലഹളയിൽ പങ്കെടുത്തതിന് ഹാജിയുടെ ഉപ്പയെ ബ്രിട്ടീഷുകാർ അന്തമാനിലേക്ക് നാടുകടത്തിയിരുന്നു. ചെറുപ്പത്തിലേ നേരിട്ട കയ്പ്പേറിയ അനുഭവങ്ങളാണ് ഹാജിയിൽ ബ്രിട്ടീഷ്‌വിരുദ്ധ വികാരമുണർത്തിയത്.

## ഖിലാഫത്ത് പ്രസ്ഥാനത്തിൽ

മണ്ണാർക്കാട് ലഹള ഹാജിയുടെ ജീവിതത്തിലെ പ്രധാന വഴിത്തിരിവായിരുന്നു. ബ്രിട്ടീഷ്‌വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം നൽകണമെന്നാവശ്യപ്പെട്ട് അക്കാലത്തെ പ്രമുഖ പണ്ഡിതന്മാർക്കെല്ലാം വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ്ഹാജി കത്തയച്ചു. ഈ കത്തുകൾ ശ്രദ്ധയിൽപെട്ടതോടെ ബ്രിട്ടീഷുകാർ അദ്ദേഹത്തെ അറസ്റ്റു ചെയ്യാനൊരുങ്ങി. എന്നാൽ, അവർക്കു പിടികൊടുക്കാതെ കുഞ്ഞഹമ്മദ് ഹാജി നാടുവിട്ടു. വിശുദ്ധമക്കയിലായിരുന്നു ആ യാത്ര ചെന്നവസാനിച്ചത്. മൂന്നു വർഷത്തെ മക്കാജീവിതം



ഹാജിയെ ഒരു പണ്ഡിതനാക്കി മാറ്റി. പിന്നീട് നാട്ടിൽ മടങ്ങിയെത്തി മൊറയൂരിനടുത്ത പോത്തുവെട്ടിപ്പാറയിൽ താമസിച്ചു. കുറച്ചുകാലം മരക്കച്ചവടം നടത്തി.

ഖിലാഫത്ത് പ്രസ്ഥാനം ശക്തിയാർജിച്ചപ്പോൾ കുഞ്ഞഹമ്മദ്ഹാജി അതിന്റെ സജീവ പ്രവർത്തകനായി. തുവ്വൂരിലെ ഖിലാഫത്ത് കമ്മിറ്റിയിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് അംഗത്വം നൽകിയത് എം.പി നാരായണമേനോനായിരുന്നു. 1921 ആഗസ്റ്റിൽ തിരൂരങ്ങാടിയിൽ ബ്രിട്ടീഷ്പട്ടാളം നടത്തിയ ആക്രമണത്തോടെയാണ് ഹാജി സമരരംഗത്ത് സജീവമായത്. മലപ്പുറം ജില്ലയിലെ മഞ്ചേരിക്കടുത്തുള്ള ആനക്കയത്തുനിന്ന് ആറായിരത്തിലധികം ആയുധധാരികളായ ഖിലാഫത്ത് പോരാളികളോടൊപ്പം പുറപ്പെട്ട ഹാജിയും സംഘവും പാണ്ടിക്കാട്ടെത്തി അവിടെയുണ്ടായിരുന്ന പോലീസ് സ്റ്റേഷൻ ആക്രമിച്ച് ആയുധങ്ങൾ കൈവശപ്പെടുത്തി. ഓഗസ്റ്റ് 29ന് ബ്രിട്ടീഷുകാരുടെ കൂട്ടാളിയായിരുന്ന ചേക്കുട്ടിയുടെ തലയെടുത്ത് കുന്തത്തിൽ തറച്ച് മഞ്ചേരിയിലേക്ക് മാർച്ച് ചെയ്തു. ചേക്കുട്ടിഅധികാരി മുമ്പ് ഹാജിയുടെ കുടുംബത്തെ ആക്രമിച്ചിരുന്നു.

### ഗറില്ലയുദ്ധം

സമരത്തിന്റെ രണ്ടാം ഘട്ടത്തിൽ ബ്രിട്ടീഷുകാർ ക്രൂരമായ മർദ്ദനങ്ങൾ പുറത്തെടുത്തപ്പോൾ ഹാജിയും സംഘവും ഒളിപ്പോരിലേർപ്പെട്ടു. ബ്രിട്ടീഷുകാരെ ഞെട്ടിച്ച യുദ്ധമുറയായിരുന്നു ഇത്. ഹാജിയുടെ നേതൃത്വത്തിൽ നാനൂറോളം പേരടങ്ങുന്ന സംഘം പാണ്ടിക്കാട്ടെ ഒരു ഗൂർഖാക്യാമ്പ് അക്രമിച്ചു നിരവധിപേരെ വധിച്ചു. കുപിതരായ ബ്രിട്ടീഷുകാർ മാപ്പിളവീടുകൾ കയ്യേറി പുരുഷന്മാരെ വധിക്കുകയും സ്ത്രീകളെ അപമാനിക്കുകയും ചെയ്തു. ആലി മുസ്‌ലിയാരുടെയും കുഞ്ഞഹമ്മദ്ഹാജിയുടെയും വീടുകൾ ബോംബെറിഞ്ഞ് ചുട്ടെരിച്ചു.

പിന്നീട് കാളികാവിനടുത്ത കല്ലാമൂലയിൽ നടന്ന ഏറ്റുമുട്ടലിൽ ഹാജിയുടെ സൈന്യത്തിലെ 35 പേർ കൊല്ലപ്പെട്ടു. തുടർന്ന് ഗൂഡല്ലൂർ പോലീസ് ക്യാമ്പ് ആക്രമിച്ച് ഹാജിയും സംഘവും ഒട്ടേറെ ബ്രിട്ടീഷുകാരെ വകവരുത്തി. അപ്പോഴേക്കും പാണ്ടിക്കാട്ടെ ഗൂർഖാക്യാമ്പ് അക്രമത്തിന്റെ സൂത്രധാരികളിൽ ഒരാളായ ചെമ്പ്രശ്ശേരി തങ്ങളും സംഘവും പോലീസ് പിടിയിലായിരുന്നു. തുടർന്ന് ബ്രിട്ടീഷുകാർ സമവായത്തിനെന്ന പേരിൽ കുഞ്ഞഹമ്മദ്ഹാജിയെ ക്ഷണിച്ചു. ചതിയിലൂടെ ഹാജിയെ പിടികൂടുകയായിരുന്നു ലക്ഷ്യം. 1922 ജനുവരി ആറിന് ഹാജിയും 20 അനുയായികളും ബ്രിട്ടീഷ് താവളത്തിലെത്തി. ആയുധംവെച്ച് ഹസ്തദാനത്തിനായി കൈ നീട്ടിയപ്പോൾ ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ കയ്യിൽ വിലങ്ങുവെച്ചു. ഹാജിക്ക് മാർഷൽ കോടതി വധശിക്ഷ വിധിച്ചു. 1922 ജനുവരി 20ന് രാവിലെ മലപ്പുറം കോട്ടക്കുന്നിലായിരുന്നു ആ ധീരമരണം.

## പോളണ്ടിൽ നവ്റോസ്കി

കരോൾ നവ്റോസ്കി പോളണ്ടിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 50.89 ശതമാനം വോട്ടുനേടിയാണ് നവ്റോസ്കി വിജയിച്ചത്. വാഴ്സാ മേയറും ലിബറൽ പാർട്ടി സ്ഥാനാർഥിയുമായ റഫാൽ ട്രസസ്കോവ്സി 49.11 ശതമാനം വോട്ടുനേടി രണ്ടാമതെത്തി. ലോ ആൻഡ് ജസ്റ്റിസ് പാർട്ടിയുടെ പിന്തുണയോടെ സ്വതന്ത്ര സ്ഥാനാർഥിയായാണ് നവ്റോസ്കി തിരഞ്ഞെടുപ്പിൽ മത്സരിച്ചത്.

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. അടുത്തിടെ മികച്ച ക്ഷയരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ദേശീയ അവാർഡ് ലഭിച്ച സംസ്ഥാനം?

2. ഭൂമിശാസ്ത്ര സൂചക പദവി ലഭിച്ച കേരളത്തിലെ ആദ്യത്തെ ആദിവാസി കരകൗശല ഉൽപ്പന്നം?

3. കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ ബ്രാൻഡ് അംബാസഡറായ വ്യക്തി?

4. ഇന്ത്യയിലെ ആദ്യ യാചകമുക്ത നഗരമായി പ്രഖ്യാപിക്കപ്പെട്ടത്?

5. 2025 ഏപ്രിലിൽ അന്റാർട്ടിക്കയിൽ പുതിയ റേഡിയോ ടെലിസ്കോപ്പ് സ്ഥാപിച്ച രാജ്യം?

6. ഇസ്രായേലിന്റെ ഓപ്പറേഷൻ റൈസിംഗ് ലയണിനെതിരെ ഇറാന്റെ പ്രത്യാക്രമണ പദ്ധതി?

7. കേരളത്തിലെ ആദ്യത്തെ സാഹസിക ടൂറിസം പാർക്കും അക്കാദമിയും സ്ഥാപിതമായ സ്ഥലം?

8. കേരളത്തിന്റെ 50-ാമത് ചീഫ് സെക്രട്ടറി?

9. 2025 ഏപ്രിലിൽ അന്താരാഷ്ട്ര ക്രിമിനൽ കോടതിയിൽ നിന്ന് പിന്മാറിയ രാജ്യം?



10. സെലി, മിയാർ ജലവൈദ്യുതപദ്ധതികളുടെ നിർമ്മാണത്തിൽ ഹിമാചൽപ്രദേശുമായി സഹകരിക്കുന്ന സംസ്ഥാനം?

11. ഇന്ത്യയിൽ പുതിയ ഭൂഗർഭ നാവിക താവളം വരുന്നതെവിടെ?

12. രാജ്യത്ത് ആദ്യമായി എ.ടി.എം സ്ഥാപിച്ച ട്രെയിൻ?

13. 2020 ലെ ദേശീയ വിദ്യാഭ്യാസനയം പ്രകാരം ഹിന്ദി നിർബന്ധിത മൂന്നാം ഭാഷയാക്കുമെന്ന് പ്രഖ്യാപിച്ച സംസ്ഥാനം?

14. 2024-25 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളി?

15. 2025 ഏപ്രിലിൽ ഭീകരാക്രമണത്തിൽ നിരവധി പേർ കൊല്ലപ്പെട്ട ജമ്മുകശ്മീരിലെ സ്ഥലം?

16. 2025 ൽ ലോകത്തിലെ

   

1. പി.ആർ ശ്രീജേഷ്, 2. എ.ജയതിലക് 3. ആന്റണി ആൽബനീസ്, 4. ആര്യാടൻ ശൗക്കത്ത്

ഏറ്റവും മികച്ച വിമാനത്താവളമായി തിരഞ്ഞെടുക്കപ്പെട്ടത്?

17. മനുഷ്യർക്കെതിരായ കരടി ആക്രമണം തടയാൻ കരടികളെ കൊല്ലാൻ പദ്ധതിയിടുന്ന രാജ്യം?

18. 2025 മെയ് മാസത്തിൽ കേരളതീരത്ത് അറബിക്കടലിൽ മുങ്ങിയ കപ്പൽ?

19. ഡ്രോൺ ആക്രമണങ്ങളെ ചെറുക്കുന്നതിനായി ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഹ്രസ്വദൂര മിസൈൽ?




20. കൃത്യമായ വിലാസ മാപ്പിംഗിനായി ഇന്ത്യ വികസിപ്പിച്ച സംവിധാനം?

21. ലോകാരോഗ്യ സംഘടനയിൽ പതാക ഉയർത്താനുള്ള അവകാശം അടുത്തിടെ നേടിയ രാജ്യം?

22. വ്യാജവാർത്തകളും സൈബർ ആക്രമണങ്ങളും തടയുന്നതിനുള്ള ഗൂഗിൾ സംവിധാനം?

23. ഓസ്ട്രേലിയൻ പ്രധാനമന്ത്രിയായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടതാര്?

24. നിലമ്പൂർ നിയമസഭാമണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച യു.ഡി.എഫ് സ്ഥാനാർഥി?

25. ഇന്ത്യയിലെ ആദ്യ ബട്ടർഫ്ലൈ സാങ്ചറി ആരംഭിച്ച സംസ്ഥാനം?

**ഉത്തരങ്ങൾ**

1. കേരളം, 2. കണ്ണാടിപ്പായ, 3. പി.ആർ ശ്രീജേഷ്, 4. ഇൻഡോർ (മധ്യപ്രദേശ്), 5. ചൈന, 6. ഓപ്പറേഷൻ ട്രൂ പ്രോമിസ് 3, 7. ശാസ്താംപാറ (തിരുവനന്തപുരം), 8. എ ജയതിലക്, 9. ഹംഗറി, 10. തെലങ്കാന, 11. ആന്ധ്രപ്രദേശ്, 12. പഞ്ചവടി എക്സ്പ്രസ്, 13. മഹാരാഷ്ട്ര, 14. അമേരിക്ക, 15. പഹൽഗാം, 16. ചാംഗി (സിംഗപ്പൂർ), 17. സ്ലോവാക്യ, 18. എം.എസ്.സി എൽസ, 19. ഭാർഗവാസ്ത്ര, 20. ഡിജി പിൻ, 21. ഫലസ്തീൻ, 22. നാനോ, 23. ആന്റണി ആൽബനീസ്, 24. ആര്യാടൻ ശൗക്കത്ത്, 25. കേരളം (ആറളം, കണ്ണൂർ)

# അക്ഷരം പഠിച്ച ചെന്നായ







അ... ആ... ഇ...
അ... ആ... ഇ...
അ... ആ... ഇ...
അക്ഷരങ്ങൾ പഠിച്ചു കഴിഞ്ഞല്ലോ. ഇനി അവ ഉപയോഗിച്ച് വാക്കുകൾ ഉണ്ടാക്കണം. ചെന്നായ തന്നെയാകട്ടെ ആദ്യം.
ആ... ആട്, ഇ... ഇറച്ചി
ഹും! നിന്റെ മനസ്സിലിരിപ്പ് കൊള്ളാം. നീ പഠിച്ചതു മതി. വേഗം സ്ഥലം വിടാൻ നോക്ക്.
കഷ്ടം തന്നെ!

നോവൽ – 22

**മുജ്തബ നസ്വീഹ്**

# അബൂട്ടിയുടെ മോളൂട്ടി

അനിയത്തി അബൂട്ടിയുമായി പെട്ടെന്ന് ഇണങ്ങിക്കഴിഞ്ഞിരിക്കുന്നു. ഉമ്മ പറഞ്ഞുകൊടുത്തിട്ടാവാം അവൾ അവനെ നോക്കി ചിരിച്ചുകൊണ്ട് ക്ക...ക്ക... എന്നു വിളിക്കുന്നുണ്ട്. അതു കേൾക്കുമ്പോൾ അബൂട്ടി അവൾക്ക് ഉമ്മ കൊടുക്കും. അതുകണ്ട് ഉമ്മ സന്തോഷത്തോടെ ചിരിക്കും. അങ്ങനെ കളിയും ചിരിയുമായി സമയം പോയതറിഞ്ഞില്ല.

ഇശാ നിസ്കാരം കഴിഞ്ഞ് ഉമ്മ അടുക്കളയിലേക്ക് പോകാനൊരുങ്ങിയപ്പോൾ അബൂട്ടി ചോദിച്ചു: 'ഉമ്മാ, അനിയത്തീനെ ഞാനെന്ത് പേരാ വിളിക്കാ?'

'മോളൂട്ടീന്ന് വിളിച്ചോ.' ഉമ്മ പെട്ടെന്ന് പറഞ്ഞു. അബൂട്ടിക്ക് ആ പേര് വലിയ ഇഷ്ടമായി. അവൻ അവളെ മോളൂട്ടീ... മോളൂട്ടീ... എന്ന് നീട്ടിവിളിച്ചു. അപ്പോഴവൾ അവനെ നോക്കി പൊട്ടിച്ചിരിക്കാൻ തുടങ്ങി. അവൾക്കും ആ പേര് ഇഷ്ടമായിട്ടുണ്ടാവണം.

'ഉമ്മാന്റെ അബൂട്ടിയും മോളൂട്ടിയും കളിച്ചോളൂട്ടോ' എന്നുപറഞ്ഞ് ഉമ്മ അടുക്കളയിലേക്കു പോയി. അബൂട്ടിക്ക് ഏറെ സന്തോഷം. അവൻ മോളൂട്ടിയോടൊപ്പമിരുന്ന് അവളെ ചിരിപ്പിക്കാനും കളിപ്പിക്കാനും തുടങ്ങി. സങ്കടത്തിന്റെ നിഴൽ അവന്റെ മുഖത്തുനിന്ന് മാഞ്ഞു

പോയി.

ഏറെനേരം കഴിഞ്ഞാണ് ഉമ്മ വന്നുവിളിച്ചത്, ചോറ് തിന്നാൻ. അവൻ മോളൂട്ടിയെ വലിച്ചെടുത്ത് അടുക്കളയിലേക്കു നീങ്ങി. മേശപ്പുറത്ത് ചൂട് പറക്കുന്ന ചോറും കറിയും വിളമ്പിവച്ചിട്ടുണ്ട്. വേവിച്ച പച്ചക്കറിയുടെ മണം മൂക്കിലടിച്ചപ്പോൾ അവനൊരു വിഷമം; ഉമ്മയും എളാപ്പയും മോളൂട്ടിയും വിരുന്നുവന്നിട്ട് മാമി കോളൊന്നും ഉണ്ടാക്കിയില്ലല്ലോ. സാധാരണ ഉണ്ടാവാറുള്ള മീൻകറി പോലുമില്ല; എന്നിട്ടല്ലേ കോഴിക്കറി. വല്ലാത്തൊരു മാമി തന്നെ!

അവൻ സ്റ്റൂളിലിരുന്ന് മാമിയുടെ മുഖത്തേക്ക് ഒളിക്കണ്ണിട്ടു നോക്കി. മുഖം വീർപ്പിച്ചാണ് നിൽക്കുന്നത്. ഉമ്മയോടു പോലും ഒരക്ഷരം മിണ്ടുന്നില്ല.

'എളാപ്പാക്ക് ചോറ് വേണ്ടേ?' അവൻ ഉമ്മയോട് ചോദിച്ചു.

'എളാപ്പാന്റെ ഏതോ കുടുംബക്കാര് ഇവിടെ അടുത്തെവിടെയോ ണ്ട്. അവരെ കാണാൻ പോയ



അതു കേട്ടപ്പോൾ അബൂട്ടിക്ക് ആശ്വാസമായി. ഈ വെറുംചോറും പച്ചക്കറിയും കണ്ടാൽ എളാപ്പ എന്തു വിചാരിക്കുമെന്നായിരുന്നു അബൂട്ടിയുടെ ചിന്ത. ഇനി അതോർത്ത് വിഷമിക്കേണ്ടല്ലോ.

അവനിത്തിരി ചോറെടുത്തു തിന്ന് എഴുന്നേറ്റു. ഉമ്മയും ഒന്നോ രണ്ടോ പിടി മാത്രമേ കഴിച്ചുള്ളൂ. പതിവുപോലെ പ്ലേറ്റ് കഴുകാനെടുത്തപ്പോൾ ഉമ്മ പറഞ്ഞു: 'നീ അതവിടെ വെച്ചേക്ക്. ഞാൻ കഴുകിക്കൊള്ളാം.' അവൻ കൈ കഴുകി മോളൂട്ടിയെയെടുത്ത് പുറത്തു കടന്നപ്പോഴാണ് മാമൻ കയറിവന്നത്. നെറ്റി ചുളിച്ച് അവനെയും മോളൂട്ടിയെയുമൊന്നു നോക്കി ഒന്നും മിണ്ടാതെ മാമൻ അകത്തേക്കു പോയപ്പോൾ അബൂട്ടിക്കു മനസ്സിലായി; ഉമ്മയും മോളൂട്ടിയും വിരുന്നുവന്നത് മാമനിഷ്ടമായില്ലെന്ന്. അവൻ മോളൂട്ടിയെ പിടിച്ചുവലിച്ചു കാറ്റു കടക്കാത്ത കിടപ്പറയിലേക്കു നടന്നു.

അവൻ വിചാരിക്കുകയായിരുന്നു; ഈ മാമനും മാമിയുമെന്താ ഇങ്ങനെ? കൂട്ടുകാരുടെയൊക്കെ മാമന്മാരും മാമിമാരും എത്രയോ സ്നേഹമുള്ളവരാണ്. മാമന്മാരുടെ വീടുകളിൽ വിരുന്നുപോയ കഥകൾ അവരൊക്കെ പറയാറുണ്ട്. മാമനും മാമിയുമൊക്കെ കൊടുത്ത നല്ലനല്ല സമ്മാനങ്ങൾ പലരും കാണിച്ചുതരാറുമുണ്ട്. ചിലർക്ക് രണ്ടും മൂന്നും മാമന്മാരൊക്കെയുണ്ട്. എന്തൊരു സന്തോഷമാണെന്നോ കൂട്ടുകാർക്കൊക്കെ മാമന്മാരുട കഥകൾ പറയാൻ! അബൂട്ടിക്ക് ആകെ ഒരു മാമനേയുള്ളൂ. അതും ഇങ്ങനെയൊരു മാമൻ!

അതോർത്തപ്പോൾ അവനു സങ്കടം. പക്ഷേ, സങ്കടപ്പെട്ടിരിക്കാൻ മോളൂട്ടി സമ്മതിച്ചില്ല. അവന്റെ മേലേക്ക് പിടിച്ചുകയറി അവൾ മൂക്കും ചെവിയുമൊക്കെ പിടിച്ചുവലിച്ചപ്പോൾ അവൻ ചിരിച്ചുപോയി. പിന്നെ ഇരുവരും കളിയിലായി.

'ഇനി കളിച്ചതു മതി. ഉറങ്ങാൻ നേരം വൈകിയല്ലോ' എന്ന് ഉമ്മ വന്നു പറഞ്ഞപ്പോഴും അബൂട്ടിക്ക് ഉറങ്ങാൻ തോന്നിയില്ല. ഇതുപോലൊരവസരം ഇനിയുണ്ടാവില്ലല്ലോ. നേരം

വെളുത്താൽ ഉമ്മ മോളൂട്ടിയെയും കൊണ്ടുപോകും. പിന്നെ അബൂട്ടി ഒറ്റയ്ക്കു തന്നെയാകുമല്ലോ എന്നൊക്കെ വിചാരിച്ച് അബൂട്ടി പിന്നെയും മോളൂട്ടിയെ കൂട്ടി കളിക്കാൻ തുടങ്ങി. അപ്പോൾ ഉമ്മ 'ഈ പെണ്ണിനിന്ന് ഉറക്കോല്ലേ' എന്നു പറഞ്ഞ് അവളെ പിടിച്ചുകിടത്തി ഉറക്കാൻ തുടങ്ങി. അപ്പോൾ അബൂട്ടി ഉമ്മയുടെ മറുവശത്ത് ചെന്നു കിടന്നു. ഏറെക്കാലത്തിനു ശേഷം ഉമ്മയുടെ അടുത്ത് കിടക്കാൻ കിട്ടിയ അവസരമാണ്. അവന് വല്ലാത്തൊരു ആനന്ദം അനുഭവപ്പെട്ടു.

മോളൂട്ടിയെ ഉറക്കുന്നതിനിടയിൽ ഉമ്മ അവനെയും തലോടിക്കൊണ്ടിരുന്നു.

പെട്ടെന്നു തന്നെ അവനും ഉറക്കിലാണ്ടു. ഉറക്കിൽ അവൻ ഉപ്പയെ സ്വപ്നം കണ്ടു. ചിരിക്കുന്ന മുഖവുമായി കയറി വന്ന് ഉപ്പ വിളി



ക്കുന്നു, അബൂട്ടി മോനേ... അബൂട്ടി മോനേ...!

ഓടിച്ചെന്നപ്പോൾ ഉപ്പ അവനെ വാരിയെടുത്ത് ഉമ്മ വച്ചു. എന്നിട്ട് പറഞ്ഞു: 'മോൻ പഠിച്ചു പഠിച്ച് വല്യ ആളാവണം ട്ടോ. ഉപ്പാക്കും ഉമ്മാക്കും വേണ്ടി ദുആ ഇരയ്ക്കണം ട്ടോ.'

ഉപ്പ നിലത്തു വച്ചപ്പോഴേക്കും അബൂട്ടി ഉണർന്നുപോയി. ഉപ്പയെ കണ്ടത് ഉറക്കത്തിലായിരുന്നുവെന്ന് വിശ്വാസം വരുന്നില്ല. ഉപ്പയുടെ മണവും ചൂടും ഇപ്പോഴും അനുഭവപ്പെടുന്നുണ്ടല്ലോ. അവൻ മെല്ലെ ഇരുട്ടിൽ തപ്പിനോക്കി. അടുത്തുതന്നെ കിടക്കുന്നുണ്ടൊരാൾ. ഉപ്പയാണോ?

അപ്പോഴാണോർമ്മ വന്നത്, ഉമ്മയുടെ അടുത്താണല്ലോ കിടക്കുന്നതെന്ന്. ഉമ്മ നല്ല ഉറക്കത്തിലാണ്. മോളൂട്ടിയും ഉറക്കത്തിൽ തന്നെ. അവൻ ഉമ്മയോട് ഒട്ടിക്കിടന്നു. ആ ചൂടിൽ വേഗം ഉറങ്ങിപ്പോയി. പിന്നെ കണ്ണുതുറന്നപ്പോൾ മുറിയിലാകെ വെളിച്ചം പരന്നിരിക്കുന്നു.

ജനൽപാളിയുടെ വിടവിലൂടെ സൂര്യവെളിച്ചത്തിന്റെ ഒരു ചീള് കാലിൽ വന്നു തൊടുന്നുണ്ട്. നേരം വെളുത്ത് സൂര്യനുദിച്ചുപോയല്ലോ... പടച്ചോനേ, ഇന്നത്തെ സുബ്ഹി ഖളാആയല്ലോ! അവന് വല്ലാത്ത സങ്കടം തോന്നി. ഒറ്റ നിസ്കാരവും ഖളാആക്കാൻ പാടില്ലെന്ന് പള്ളിയിലെ ഉസ്താദ് ഗൗരവപൂർവ്വം പറഞ്ഞതിൽ പിന്നെ അബൂട്ടി ഒരു നിസ്കാരവും ഖളാആക്കിയിരുന്നില്ലല്ലോ. ആടിനെ മേയ്ക്കാൻ പോയാലും മലയിൽ വച്ച് ളുഹ്റും അസ്വറും കൃത്യമായി നിസ്കരിക്കാറുണ്ടായിരുന്നല്ലോ. അവൻ വിഷമത്തോടെ ചുറ്റും നോക്കി. ഉമ്മ എപ്പോഴോ എഴുന്നേറ്റു പോയിരിക്കുന്നു. മോളൂട്ടി നല്ല ഉറക്കത്തിൽ തന്നെയാണ്. ഉമ്മയെന്തേ അബൂട്ടിയെ വിളിച്ചുണർത്താതിരുന്നത്?

ഒരുതരം ആലസ്യത്തിൽ വിഷണ്ണനായിരിക്കുമ്പോഴാണ് കോലായിൽ നിന്ന് ഉറക്കെയുള്ള സംസാരം കേട്ടത്. അവൻ ചെവിയോർത്തു; ഉമ്മയും മാമനുമാണ്. റബ്ബേ, അവർ വഴക്കുകൂടുകയാണോ?

(തുടരും)

# പ്രകാശം പകർന്ന മുത്തുനബി(സ)




മക്കയിലെ കുഞ്ഞുവീട്ടിൽ അന്നൊരു കുഞ്ഞ് ജനിച്ചു. ലോകം മുഴുവൻ പ്രകാശം പരത്തിയ ആ വിസ്മയപിറവിയിൽ പൊന്നുമ്മ ആമിനബീവി(റ) ആനന്ദം കൊണ്ടു. കുഞ്ഞിന് 'മുഹമ്മദ്' എന്നു പേരിട്ടു. നന്മയുടെയും സത്യസന്ധതയുടെയും പ്രതീകമായി ആ കുഞ്ഞുമോൻ വളർന്നു. നന്മയിലേക്ക് മനുഷ്യരെ ക്ഷണിച്ചും തിന്മകളെ എതിർത്തും വളർന്ന കുഞ്ഞിനെ എല്ലാവരും സ്നേഹത്തോടെ അൽഅമീൻ എന്നു വിളിച്ചു.

നാല്പതാം വയസ്സിലാണ് ഹിറാഗുഹയിലെ ധ്യാനത്തിനിടെ വഹ്‌യിന്റെ ദിവ്യവെളിച്ചം ലഭിച്ചത്. ജിബ്‌രീൽ മാലാഖ വന്ന് ഇഖ്‌റഇന്റെ മന്ത്രങ്ങൾ ഓതിക്കൊടുത്തു. 'ഇഖ്‌റഅ് - വായിക്കുക!' പുതിയ വൈജ്ഞാനികലോകത്തിന്റെ പിറവിയായിരുന്നു അത്. തമസ്സകന്നു, മക്കയിൽ, സ്വന്തം കുടുംബത്തിൽ നിന്നാരംഭിച്ച ദൗത്യം പ്രഭാകിരണങ്ങൾ പോലെ എങ്ങും പരന്നു. വിശുദ്ധ ഖുർആനിന്റെ വിസ്മയ വചനങ്ങൾ ഹൃദയങ്ങളിൽനിന്ന്



ഹൃദയങ്ങളിലേക്ക് പടർന്നു. ദയ, കരുണ, സ്നേഹം, സഹാനുഭൂതി എന്നിങ്ങനെ. നന്മവെളിച്ചം നിറഞ്ഞു. മുത്തുനബി(സ)യുടെ മക്കയിൽ നിന്നു മദീനയിലേക്കുള്ള പലായനം ചരിത്രത്തിൽ പുതുഗാഥ രചിച്ചു. മദീന ഇന്നും അഭയമാണ്, ആശ്വാസതീരമാണ്. നമുക്കെന്നും തിരുഅധ്യാപനങ്ങളെ നെഞ്ചോടു ചേർക്കാം.

*ആമിന അഫ്റ, ക്ലാസ് 9, മൻശഉസ്സുന്ന സുന്നി മദ്റസ, ചെട്ടിപ്പടി*




# കുറ്റബോധം

ഒരു കച്ചവടക്കാരന് കഠിനാധ്വാനിയായ ഒരു കഴുതയുണ്ടായിരുന്നു. ഗ്രാമത്തിൽ നിന്ന് എല്ലാ ദിവസവും കച്ചവടസാധനങ്ങൾ പട്ടണത്തിലേക്ക് കൊണ്ടുപോകലായിരുന്നു കഴുതയുടെ ജോലി. ആ പാവംകഴുതക്ക് വേണ്ടത്ര ഭക്ഷണമോ വെള്ളമോ കച്ചവടക്കാരൻ നൽകിയിരുന്നില്ല. എന്നാൽ, കഴുതയുടെ പുറത്ത് താങ്ങാവുന്നതിലധികം ഭാരം കെട്ടിവെക്കുകയും ചെയ്യും. ഒരു ദിവസം, പുഴക്കരയിലൂടെ വീട്ടിലേക്ക് മടങ്ങുമ്പോൾ ഭാരം താങ്ങാനാവാതെ കഴുത പുഴയിൽ വീണു. സാധനങ്ങൾ നനഞ്ഞതു കണ്ട് ദേഷ്യം പിടിച്ച കച്ചവടക്കാരൻ 'ഇനി നിന്നെ ഈ പരിസരത്ത് കണ്ടുപോകരുത്' എന്നു പറഞ്ഞ് കഴുതയെ പൊതിരെ തല്ലി ദൂരേക്കോടിച്ചുവിട്ടു. പാവം കഴുത കണ്ണീരോടെ എങ്ങോട്ടെന്നില്ലാതെ നടന്നുനീങ്ങി.

പിന്നെ കച്ചവടക്കാരൻ ചരക്കുകൾ സ്വന്തം തലയിൽ വഹിച്ചാണ് കൊണ്ടുപോയിരുന്നത്. നാളുകൾ പലതു കഴിഞ്ഞു. ഒരു ദിവസം സ്വന്തം തലയിൽ ചുമടുമായി വീട്ടിലേക്കു മടങ്ങുമ്പോൾ കച്ചവടക്കാരൻ കാൽ വഴുതി നദിയിൽ വീണു. നല്ല ഒഴുക്കുണ്ടായിരുന്നതിനാൽ കര കയറാനാകാതെ വിഷമിച്ചു. അപ്പോഴാണ് പുഴയോരത്ത് വിശ്രമിക്കുകയായിരുന്ന കഴുത ഇതു കണ്ടത്.



'ഏ, എന്റെ യജമാനനല്ലേ അത്?' കഴുത ഉടനെ നദിയിലിറങ്ങി കച്ചവടക്കാരനെ രക്ഷിച്ചു. തന്റെ കഴുതയെ തിരിച്ചറിഞ്ഞ കച്ചവടക്കാരന്റെ തല കുറ്റബോധം കൊണ്ട് കുനിഞ്ഞു. 'തന്റെ ജീവൻ രക്ഷിച്ച ഈ കഴുതയെയാണല്ലോ ഞാൻ ഉപദ്രവിച്ചത്!' അയാൾ കഴുതയെയും കൂട്ടി വീട്ടിലേക്ക് തിരിച്ചു. പിന്നീടുള്ള കാലം അവർ സന്തോഷത്തോടെ ജീവിച്ചു.

***യഹ്‌യ പി.വി, ക്ലാസ്സ് 10, ഇസ്സത്തുൽ ഇസ്‌ലാം മദ്റസ, പാലത്തുങ്കര***

# കത്തുകൾ

*പ്രിയപ്പെട്ട ബാലകുസുമത്തിന്*
*ഞാൻ നിന്റെ കഥകളെല്ലാം വായിക്കാറുണ്ട്. എനിക്ക് ഏറ്റവും ഇഷ്ടം സഫറിന്റെ കഥകളാണ്. ഓരോ മാസവും ഞാൻ കുസുമത്തിനുവേണ്ടി കാത്തിരിക്കും. എനിക്കും സഫറിനെപ്പോലെയാകണം. സഫറിനും എനിക്കും ഒരേ പ്രായമാണെന്നാണ് തോന്നുന്നത്. എനിക്കുമുണ്ട് ഒരുപാട് നല്ല കൂട്ടുകാർ. സഫറിന്റെ കഥ ഞാൻ അവർക്കും പറഞ്ഞുകൊടുക്കാറുണ്ട്. എല്ലാ കൂട്ടുകാർക്കും നിന്നെ ഏറെ ഇഷ്ടമാണ്. ഗുണപാഠങ്ങളും ഹദീസുകളുമാണ് എനിക്ക് സഫറിന്റെ കഥ കൂടുതൽ ഇഷ്ടമാകാൻ കാരണം.*

***ഹാമിദ് അലി ഫർഹാൻ സി.പി,***
***ക്ലാസ് 6, നൂറുൽഹുദാ മദ്റസ***
***കാരാട്***

*പ്രിയപ്പെട്ട ബാലകുസുമത്തിന്,*
*സുഖമാണെന്ന് കരുതുന്നു. നിന്നെ എനിക്ക് ഏറെ ഇഷ്ടമാണ്. കുസുമത്തിലെ കഥകൾ, ചിത്രങ്ങൾ, കവിതകൾ, ക്വിസ് തുടങ്ങി ഓരോ പംക്തിയും മനോഹരമാണ്. ഓരോ മാസവും ഞാൻ നിന്നെ കാത്തിരിക്കാറുണ്ട്. ഇടയ്ക്കിടെ ചിത്രങ്ങൾ വരച്ചു കുസുമത്തിന് അയച്ചുകൊടുക്കും. പിന്നെ ഓരോ മാസവും ഞാൻ ആദ്യം അതിലെ ചിത്രങ്ങൾ നോക്കും. കഴിഞ്ഞ ഏപ്രിൽ മാസത്തെ കുസുമത്തിൽ ഞാൻ വരച്ച ചിത്രം വന്നു. എനിക്ക് ഏറെ സന്തോഷമായി. പുതിയ അറിവുകളുമായി ഇനിയും മുടങ്ങാതെ വരണേ...*

***മുഹമ്മദ് അർശക് എസ്,***
***ക്ലാസ് 5, മർകസ് റൈഹാൻവാലി***
***കാരന്തൂർ***

# മഴക്കവിത

മുകിൽ നിറഞ്ഞ് ആകാശം
കണ്ണീർ പൊഴിക്കുന്നു.
മഴത്തുള്ളികൾ ഭൂമിയിൽ
പുതുസംഗീതം മീട്ടുന്നു.
മരങ്ങൾ പെയ്യുന്നു,
ഇലകൾ നൃത്തം ചെയ്യുന്നു
മണ്ണിൽ പുതുജീവൻ
തളിരിട്ടു വളരുന്നു.
നിറഞ്ഞൊഴുകുന്ന
അരുവികളും പുഴകളും
മഴയെ വരവേൽക്കുന്നു.
മഴയൊരു കവിതയാകുന്നു!

***അഹ്മദ് അലി സിനാൻ സി.പി***
***ക്ലാസ് 8, നൂറുൽഹുദാ മദ്റസ, കാരാട്***


മിസ്റ്റർ
മണ്ടപ്പൻ
മച്ചൂ, ഈ ട്രോളിംഗ് നിരോധനം എന്നാണ് അവസാനിക്കുക?
അറിയില്ല അണ്ണേ...
ഫ്രഷ് മീൻ തിന്ന കാലം മറന്നു.
നമുക്ക് പുതിയൊരു വഴി നോക്കിയാലോ?
മനസ്സിലായില്ല; വ്യക്തമായി പറയൂ.
ഒരു വീശുവല വാങ്ങാം.
ഗുഡ് ഐഡിയ. പുഴയിൽ ഒക്കെ നല്ല മീൻ കയറുന്ന കാലമാണ്.
അപ്പന്മാർ വീശുവല വാങ്ങാൻ ടൗണിലേക്ക്...
ഏമാന്മാർ വിളിക്കാതിരുന്നാൽ മതിയായിരുന്നു.
അതെയതെ!


മിസ്റ്റർ
മണ്ടപ്പൻ
മച്ചൂ, ഈ ട്രോളിംഗ് നിരോധനം എന്നാണ് അവസാനിക്കുക?
അറിയില്ല അണ്ണേ...
ഫ്രഷ് മീൻ തിന്ന കാലം മറന്നു.
നമുക്ക് പുതിയൊരു വഴി നോക്കിയാലോ?
മനസ്സിലായില്ല; വ്യക്തമായി പറയൂ.
ഒരു വീശുവല വാങ്ങാം.
ഗുഡ് ഐഡിയ. പുഴയിൽ ഒക്കെ നല്ല മീൻ കയറു ന്ന കാലമാണ്.
അപ്പന്മാർ വീശുവല വാങ്ങാൻ ടൗണിലേക്ക്...
ഏമാന്മാർ വിളിക്കാതിരുന്നാൽ മതിയായിരുന്നു.
അതെയതെ!



മാർക്കറ്റിൽ,
കമോൺ!
ദേ, ഇവിടെയുണ്ടാകും ഉഗ്രൻ വലകൾ.
വരണം, വരണം!
അപ്പന്മാർ വലയുമായി മടക്കയാത്രയിൽ,
അല്ല മച്ചൂ, ഒരു പ്രശ്നം! മച്ചുവിന് വല വീശാൻ അറിയാമോ?
അതൊക്കെ ഇത്ര അറിയാനുണ്ടോ? കറക്കി ഒരേറ് കൊടുത്താൽ പോരേ?
സൂക്ഷിച്ചെറിഞ്ഞില്ലെങ്കിൽ എറിയുന്ന വൻ വലയിലാകും.
അണ്ണൻ മിണ്ടാതിരിക്കൂ. എല്ലാം ഞാൻ കാണിച്ചു തരാം.


അണ്ണേ, പുഴയിൽ നല്ല ഒന്നാന്തരം പുഴമീൻ ഉണ്ടെന്ന് കേട്ടിട്ടുണ്ട്. തുടക്കം ഇവിടെയായാലോ?
അതു വേണോ? ആദ്യം നമ്മുടെ കൂമൻതോട്ടിൽ പരീക്ഷിക്കാം.
അങ്ങനെയെങ്കിൽ അങ്ങനെ. അതിൽ തവളകളും ആമകളും മാത്രമേയുള്ളൂ എന്ന് കേട്ടിട്ടുണ്ട്.
അവ മാത്രമല്ല; പാമ്പുകളുമുണ്ട്. മീൻ മാത്രമില്ല.
മച്ചൂ, ഇതാ കൂമൻതോട്.
ഒ. കെ! ലെറ്റസ് സ്റ്റാർട്ട്.


അണ്ണേ, ദാ കണ്ടോ. ഇങ്ങനെ പിടിച്ച്....
ഇങ്ങനെ കറക്കി... ഒറ്റയേറ്!
ഹയ്യോ!
ഹഹ! ഉഗ്രൻ വലവീശൽ!
അണ്ണേ, ആത്മസുഹൃത്ത് അപകടത്തിൽ പെടുമ്പോൾ ഇങ്ങനെ ചിരിക്കാമോ?
ഹല്ല! പുഴയിൽ വലവീശിയിരുന്നെങ്കിൽ എന്താകുമായിരുന്നു എന്ന് ആലോചിച്ചതാ.
ചിരിക്കാതെ രക്ഷപ്പെടുത്താൻ നോക്കടോ.
ഞാനൊരു കയറോ കാട്ടുവള്ളിയോ കിട്ടുമോ എന്നു നോക്കട്ടെ.


ഏമാന്മാർ ജീപ്പിൽ അതുവഴി.
ഹായ് ബോസ്! എന്താണ് ഈ കാട്ടിൽ തിരയുന്നത്?
അത്... ഒരു കയറോ കാട്ടുവള്ളിയോ വേണം. അർജന്റാണ്.
വാലപ്പൻ ചെറുതായൊന്ന് വലയെറിഞ്ഞതാ. തോട്ടിൽ കിടപ്പുണ്ട്.
ങ്ഹേ! എങ്കിൽ കമോൺ. അപ്പന്മാർ അപകടത്തിൽ പെട്ടാൽ നമ്മൾ രക്ഷിക്കേണ്ടേ?
ഹോ! വാലപ്പൻ സാറിന് മുടിഞ്ഞ ഭാരമാണല്ലോ.
തോട്ടിൽ നിന്ന് ലിറ്റർ കണക്കിന് വെള്ളം കുടിച്ചിട്ടുണ്ടാവും. ജലനിരപ്പ് താഴ്ന്നിട്ടുണ്ട്.


കൂമൻതോട് ആയ
തുകൊണ്ട് ജീവൻ
ബാക്കിയുണ്ട്.
ഹൌ! പട്ടിണി കിട
ന്നാലും ഇനി വീശു
വല എറിയാനില്ല.
ബോസ്,
ഇത് നോക്കൂ.
ങേ! മ്യൂസിയത്തിൽ
നിന്ന് മോഷണം പോ
യ ഭണ്ഡാരപ്പെട്ടി!
യെസ്!
ബിഗ് സല്യൂട്ട്
അപ്പന്മാരേ!
അപ്പന്മാർക്ക് പാരിതോഷികം!
തൊണ്ടിമുതൽ മു
ങ്ങിയെടുത്തതിന്
ഇതിരിക്കട്ടെ.
മച്ചൂ, ഇനി നമുക്ക്
പുഴയിൽ പോയി ഒ
ന്ന് വീശിയാലോ?
അണ്ണൻ ചെല്ല്!
ഞാനൊന്ന് വിശ്ര
മിക്കട്ടെ.

നബികഥ

# വിശപ്പിന്റെ കാഠിന്യം

അബൂഹുറയ്റ(റ) ഒരു ദിവസം തിരുനബി(സ)യുടെ സന്നിധിയിലെത്തി. അപ്പോൾ ഇരുന്നുകൊണ്ട് സുന്നത്ത് നിസ്കരിക്കുകയായിരുന്നു മുത്തുനബി(സ). അബൂഹുറയ്റ(റ) ചോദിച്ചു: 'എന്തുകൊണ്ടാണ് അങ്ങ് ഇരുന്നുനിസ്കരിക്കുന്നത്? പ്രയാസം വല്ലതുമുണ്ടോ?'

'കഠിനമായ വിശപ്പുകൊണ്ടാണ് സ്നേഹിതാ.' തിരുനബി(സ)യുടെ മറുപടി കേട്ട് അബൂഹുറയ്റ(റ) വിതുമ്പിക്കരയാൻ തുടങ്ങി. ഉടനെ മുത്തുനബി(സ) പറഞ്ഞു: 'പ്രിയപ്പെട്ട അബൂഹുറയ്റാ, കരയേണ്ടതില്ല. ഇവിടെ വിശക്കുന്നവർക്ക് നാളെ വിശപ്പു സഹിക്കേണ്ടി വരില്ല. പരലോകത്ത് അല്ലാഹുവിന്റെ മുന്നിൽ വിചാരണ ചെയ്യപ്പെടുമ്പോൾ നമുക്ക് വിജയിക്കാമല്ലോ!'

ബാല കുസുമം

സ്വാതന്ത്ര്യദിന ക്വിസ് മത്സരം

ബാലകുസുമം മാസിക 2024 സെപ്റ്റംബർ - 2025 ആഗസ്റ്റ് ലക്കങ്ങളിൽ പ്രസിദ്ധീകരിച്ച ഇന്ത്യയിലെ മുസ്ലിം സ്വാതന്ത്ര്യസമര സേനാനികളെക്കുറിച്ചുള്ള കുറിപ്പുകളെ ആസ്പദമാക്കി മദ്റസ വിദ്യാർത്ഥികൾക്കുള്ള ഓൺലൈൻ ക്വിസ് മത്സരം.

നൽകിയിരിക്കുന്ന ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് മത്സരത്തിൽ പങ്കെടുക്കാം.

ആഗസ്റ്റ് 12 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ആഗസ്റ്റ് 14 വ്യാഴം വൈകീട്ട് 4 മണി വരെയാണ് മത്സരസമയം.

മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ.



# ഇന്ത്യയിലെ സംസ്ഥാനങ്ങൾ 5

## ഉത്തരാഖണ്ഡ്

- തലസ്ഥാനം: ഡെറാഡൂൺ
- വിസ്തീർണം: 53,484 ചകിമീ
- ജനസംഖ്യ: 1,00,86,292
- ജനസാന്ദ്രത: 189/ച.കി.മീ
- സ്ത്രീപുരുഷ അനുപാതം: 963/1000
- സാക്ഷരത: 78.32%
- ഭാഷ: ഹിന്ദി, ഗഢ്വാളി, കുമൗണി, ഇംഗ്ലിഷ്
- ലോക്സഭാ സീറ്റുകൾ: 5
- രാജ്യസഭാ സീറ്റുകൾ: 3
- അസംബ്ലി സീറ്റുകൾ: 70

### ചരിത്രം

2000 നവംബർ ഒൻപതിന് ഉത്തർപ്രദേശിനെ വിഭജിച്ചാണ് ഉത്തരാഖണ്ഡ് നിലവിൽ വന്നത്. അന്ന് ഉത്തരാഞ്ചൽ സംസ്ഥാനം എന്നായിരുന്നു പേര്. 2007ൽ ഉത്തരാഞ്ചൽ എന്ന പേരു മാറ്റി ഉത്തരാഖണ്ഡ് എന്നാക്കി.

### ജില്ലകൾ

1. പിത്തോറഗഢ്, 2. അൽമോറ, 3. നൈനിറ്റാൾ, 4. ബാഗേശ്വർ, 5. ചമ്പാവത്, 6. ഉത്തർകാശി, 7. ചമോലി, 8. ഡെറാഡൂൺ, 9. പൗഢിഗഢ്വാൾ, 10. തേഹ്രി ഗഢ്വാൾ, 11. ഉദ്ധംസിങ് നഗർ, 12. രുദ്രപ്രയാഗ്, 13. ഹരിദ്വാർ

- **സംസ്ഥാന പുഷ്പം**
  ബ്രഹ്മകമലം
- **സംസ്ഥാന വൃക്ഷം**
  ബുറൻഷ്
- **സംസ്ഥാന പക്ഷി**
  ഹിമാലയൻ മൊണാൽ
- **സംസ്ഥാന മൃഗം**
  കസ്തൂരിമാൻ
- **സംസ്ഥാന ചിത്രശലഭം**
  കോമൺ പീകോക്ക്

### അതിർത്തികൾ

തെക്ക്- ഉത്തർപ്രദേശ്
കിഴക്ക്- നേപ്പാൾ
വടക്കുപടിഞ്ഞാറ്- ഹിമാചൽപ്രദേശ്
വടക്കുകിഴക്ക്- ചൈന

### വിശേഷണങ്ങൾ

- ലോകത്തിന്റെ യോഗാതലസ്ഥാനം: **ഋഷികേശ്**
- സുഖവാസ കേന്ദ്രങ്ങളുടെ രാജ്ഞി: **മസൂറി**

നൈന മണ്ണഞ്ചേരി

# ചതിയൻ ചീണ്ടൻ

ചീണ്ടൻ കുറുക്കനും ചിന്നൻ ആടും അയൽവാസികളായിരുന്നു. മഹാചതിയനായിരുന്നു ചീണ്ടൻ. ചിന്നനാകട്ടെ, വളരെ പാവവും. കൊഴുത്തുതടിച്ച ചിന്നനെ കാണുമ്പോഴെല്ലാം 'ഇവനെ എങ്ങനെയെങ്കിലും കൊന്നു തിന്നണം' എന്നായിരുന്നു ചീണ്ടന്റെ മോഹം. അതിനവൻ പല സൂത്രവും പ്രയോഗിച്ചെങ്കിലും ഒന്നും ഫലിച്ചില്ല. അങ്ങനെയിരിക്കെയാണ് ഒരു ദിവസം ചിന്നൻ ചീണ്ടന്റെ വീട്ടിലെത്തിയത്.

'എന്താ ചിന്നാ, പതിവില്ലാതെ ഇങ്ങോട്ടൊക്കെ?' ഇന്നെങ്കിലും ചിന്നനാടിനെ കൊന്ന് ആട്ടിൻസൂപ്പ് കുടിക്കണമെന്ന ആഗ്രഹത്തോടെ കുറുക്കൻ ചോദിച്ചു.

'ചീണ്ടാ, ചന്ത വരെ ഒന്നു പോകണം. എനിക്കാണെങ്കിൽ വഴി നല്ല പരിചയമില്ല. നിനക്ക് വഴിയറിയാമല്ലോ, നീ കൂടെ വന്നാൽ സന്തോഷം.' അതു കേട്ടപ്പോൾ ചീണ്ടന് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. ആഗ്രഹിച്ച ദിനം വന്നെത്തിയിരിക്കുന്നു! ഇന്നത്തെ സദ്യ കുശാലായി. അവൻ ഉറപ്പിച്ചു.

'അതിനെന്താ ചിന്നാ, ഞാൻ എന്നും പോകുന്നതല്ലേ. എനിക്കും കുറച്ച് സാധനങ്ങളൊക്കെ വാങ്ങാനുണ്ട്. ഞാൻ കൂടെ വരാം.'

വൈകാതെ ചീണ്ടൻ മുന്നിലും ചിന്നൻ പിന്നിലുമായി അവർ ചന്തയിലേക്കിറങ്ങി. കുറച്ചു ദൂരം നടന്നപ്പോൾ ചീണ്ടന് തോന്നി, ചിന്നൻ പുറകിൽ നടന്നാൽ ശരിയാകില്ല. മുന്നിൽ നടന്നാലല്ലേ പെട്ടെന്നു ചാടി വീഴാൻ കഴിയൂ...

'ചിന്നാ, നീയിനി മുന്നിൽ നടന്നോളൂ. വഴി തെറ്റിയാൽ ഞാൻ പറഞ്ഞു തരാം.' ചീണ്ടൻ പറഞ്ഞതു കേട്ട് പാവം ചിന്നൻ മുന്നിൽ നടക്കാൻ തുടങ്ങി. ചിന്നന്റെ മേൽ ചാടിവീഴാൻ ചീണ്ടൻ തക്കം പാർന്നു നടക്കുമ്പോഴാണ് ചിഞ്ചുമാൻ അവരുടെ മുമ്പിലെത്തിയത്. ചീണ്ടനെ

കണ്ടപ്പോഴേ ചിഞ്ചുവിന് കാര്യം മനസ്സിലായി.

'എവിടേക്കാ രണ്ടുപേരും?' ചിഞ്ചു ചോദിച്ചു. ചിണ്ടൻ ചാടിപ്പറഞ്ഞു:

'ചന്തയിലേക്കാ... ഞാൻ ചിന്നന് വഴി കാണിക്കാൻ പോവുകയാ...'

'ഞാനും ചന്തയിലേക്കാണല്ലോ... വഴി ഞാൻ കാണിച്ചുകൊടുക്കാം. വെറുതെ ചിണ്ടൻ ബുദ്ധിമുട്ടേണ്ടല്ലോ. ചിണ്ടൻ തിരിച്ചുപൊയ്ക്കോളൂ..' ചിഞ്ചുമാൻ പറഞ്ഞു.

'ശരി ചിണ്ടാ... ഞാനിനി ചിഞ്ചുവിനൊപ്പം പൊയ്ക്കോളാം.' ചിന്നനാട് ചിണ്ടനോട് നന്ദി പറഞ്ഞു. അവരൊന്നിച്ച് ചന്തയിലേക്കു നടന്നു. ചിണ്ടൻ ഇളിഭ്യനായി തിരിഞ്ഞു നടന്നു.



## വഴി കാണിക്കാമോ?

കുഞ്ഞിപ്പൂ
മ്പാറ്റയ്ക്ക്
പൂന്തേൻ
നുകരാൻ
കൊതിയായി.
പൂവിനടുത്തെ
ത്താൻ കുഞ്ഞി
പ്പൂമ്പാറ്റയെ
സഹായിക്കാമോ?



## എണ്ണമെഴുതാം

ആകെ പൂക്കളുടെ എണ്ണം വൃത്തത്തിലെഴുതൂ...



## വരക്കാൻ പഠിക്കാം



1 2 3 4

## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഒരുപോലെ തോന്നുന്ന ഈ ചിത്രങ്ങൾ തമ്മിൽ
5 വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## നിറം നൽകാം

ചിത്രത്തിന് അനുയോജ്യമായ നിറം നൽകൂ.



Current Affairs

## സെൻസസ്

അനിശ്ചിതത്വത്തിനൊടുവിൽ രാജ്യത്ത് സെൻസസ് നടത്താനുള്ള തീയതി പ്രഖ്യാപിച്ച് ഔദ്യോഗിക വിജ്ഞാപനമായി. 2026 ഒക്ടോബർ ഒന്നു മുതൽ രണ്ടുഘട്ടങ്ങളിലായാണ് സെൻസസ്. ജമ്മു-കശ്മീർ, ലഡാക്ക്, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ മഞ്ഞുവീഴ്ചയുള്ള മലനിരകളിലും സമാനപ്രദേശങ്ങളിലുമായിരിക്കും ആദ്യഘട്ടം. രണ്ടാംഘട്ടം 2027 മാർച്ച് ഒന്നുമുതൽ നടക്കും. ജാതി സെൻസസും ഇതോടൊപ്പം നടക്കും. 2011-ലായിരുന്നു ഇന്ത്യയിലെ അവസാന സെൻസസ്.

## ശുഭാഭിമാനം

രാജ്യാന്തര ബഹിരാകാശനിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന ചരിത്രനേട്ടം ശുഭാംശുശുക്ല സ്വന്തമാക്കി. നാസയുടെ ആക്സസിയം-4



ദൗത്യത്തിന്റെ ഭാഗമായി യുഎസിലെ കെന്നഡി സ്പേസ് സെന്ററിൽനിന്ന് ജൂൺ 25നാണു ശുഭാംശു ഉൾപ്പെടെയുള്ള നാലംഗ സംഘം യാത്ര തിരിച്ചത്. സ്പേസ്എക്സിന്റെ ഫാൽക്കൺ 9 ബ്ലോക്ക് 5 എന്ന റോക്കറ്റിൽ ഡ്രാഗൺ സി213 പേടകത്തിലായിരുന്നു സംഘത്തിന്റെ ബഹിരാകാശയാത്ര.

## സാഹിത്യ അക്കാദമി പുരസ്കാരം

2024ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കെ.വി രാമകൃഷ്ണനും ഏഴാച്ചേരി രാമചന്ദ്രനും വിശിഷ്ടാംഗത്വവും പി.കെ.എൻ പണിക്കർ, പയ്യന്നൂർ കുഞ്ഞിരാമൻ, എം.എം നാരായണൻ, ടി.കെ ഗംഗാധരൻ, കെ.ഇ.എൻ, മല്ലികയൂനിസ് എന്നിവർ സമഗ്രസംഭാവന പുരസ്കാരവും നേടി. കവിതയ്ക്ക് അനിത തമ്പിയും (മുരിങ്ങ വാഴ കറിവേപ്പ്), നോവലിന് ജി.ആർ. ഇന്ദുഗോപനും (ആനോ) അർഹരായി.

ഐസിസി ലോക ടെസ്റ്റ് ചാംപ്യൻഷിപ്പിൽ ദക്ഷിണാഫ്രിക്ക ജേതാക്കളായി. ലോഡ്സിൽ നടന്ന ഫൈനലിൽ ഓസ്ട്രേലിയയെ 5 വിക്കറ്റിനു പരാജയപ്പെടുത്തിയാണ് ടെംബ ബവുമ നായകനായ ദക്ഷിണാഫ്രിക്ക കിരീടം ഉയർത്തിയത്. സെഞ്ചറി നേട്ടം കുറിച്ച ദക്ഷിണാഫ്രിക്കൻ ബാറ്റർ എയ്ഡൻ മാർക്രമാണ് ഫൈനലിലെ താരം. ലോക ടെസ്റ്റ് ചാംപ്യൻഷിപ്പിൽ ദക്ഷിണാഫ്രിക്കയുടെ ആദ്യകിരീടനേട്ടമാണിത്.

هَيَّا نَقْرَأ قِصَّةَ فَاتِن بِاللُّغَةِ الْعَرَبِيَّة

# فَاتِنُ لَمْ تَعُدْ حَزِينَةً ٦

وَبَعْدَ شَهْرٍ مِنَ الْعَمَلِ الْمُتَوَاصِلِ، حَصَلَتْ فَاتِنُ عَلَى كُرْسِيٍّ مُتَحَرِّكٍ. سَاعَدَهَا تَامِرُ عَلَى تَعَلُّمِ كَيْفِيَّةِ إِسْتِعْمَالِهِ وَرَافَقَهَا طِوَالَ الطَّرِيقِ حَتَّى وَصَلَتْ إِلَى الْمَدْرَسَةِ. الآنَ، أَصْبَحَتْ فَاتِنُ تَذْهَبُ إِلَى الْمَدْرَسَةِ وَحْدَهَا، وَتَجْلِسُ أَمَامَ طَاوِلَةِ الْأُسْتَاذِ مُبَاشِرَةً. وَلِأَنَّهَا أَرَادَتْ أَنْ تَشْكُرَ زُمَلَاءَهَا عَلَى كُلِّ مَا فَعَلُوهُ مِنْ أَجْلِهَا.

أَصْبَحَتْ تَجْتَهِدُ أَكْثَرَ فِي الدِّرَاسَةِ وَقَرِيبًا جِدًّا سَتُصْبِحُ فِي مِثْلِ مُسْتَوَاهُمْ. خِلَالَ الْإِسْتِرَاحَةِ، تُشَارِكُ فَاتِنُ زُمَلَاءَهَا اللَّعْبَ بِالْكُرَةِ. وَأَصْبَحَتْ تَتَحَكَّمُ بِكُرْسِيِّهَا بِمَهَارَةٍ. أَمَّا الْوَحْدَةُ بِالنِّسْبَةِ إِلَيْهَا فَلَمْ تَعُدْ سِوَى ذِكْرَى قَدِيمَةٍ سَتَنْسَاهَا قَرِيبًا.

فِي الْمَدْرَسَةِ، مَا زَالَ الْأُسْتَاذُ يَتَمَثَّلُ بِقِصَّةِ فَاتِن بَيْنَ الْحِينِ وَالْآخِرِ. لَقَدْ أَصْبَحَ كُلُّ التَّلَامِيذِ يَعْرِفُونَ كَيْفَ يَتَّقُونَ مِنَ الشَّلَلِ: يَجِبُ تَلْقِيحُ الْأَطْفَالِ.



وَفِي حَفْلِ نِهَايَةِ الْعَامِّ الدِّرَاسِي، قَدِمَ التَّلَامِيذُ أَمَامَ الْأَهْلِ مَسْرَحِيَّةً حَوْلَ أَهَمِّيَّةِ التَّلْقِيحِ. كَمَا أَنْشَدُوا أُغْنِيَةً أَلَّفُوهَا حَوْلَ شَلَلِ الْأَطْفَالِ حَفِظَهَا إِخْوَتُهُمْ وَأَخَوَاتُهُمْ عَنْ ظَهْرِ قَلْبٍ.

فِي قَرْيَةِ فَاتِن الآنَ، يَتَلَقَّى جَمِيعُ الْأَطْفَالِ اللِّقَاحَاتِ اللَّازِمَةَ ضِدَّ الْمَرَضِ وَقَرِيبًا جِدًّا لَنْ نَرَى فِيهَا أَيَّ طِفْلٍ مُصَابٍ بِالشَّلَلِ. ❖

# English Corner

## Story Line

# The Lion and the Slave

Once, a kind slave ran away from his cruel master and hid in the forest. There, he saw a lion roaring in pain because a big thorn was stuck in its paw. Even though he was scared, the slave helped the lion by pulling the thorn out. The lion went back into the woods, free and happy. Later, the slave was caught and sent to be punished by being thrown into a lion's den. But the lion didn't harm him-it was the same lion he had helped!

Moral of the story: A good deed is never forgotten. Be kind, and kindness will come back to you.



# സിംഹവും അടിമയും

ഒരിക്കൽ, ദയാലുവായ ഒരു അടിമ തന്റെ ക്രൂരനായ യജമാനനിൽ നിന്ന് ഓടിപ്പോയി കാട്ടിൽ ഒളിച്ചുജീവിച്ചിരുന്നു. അവിടെ, വേദന കൊണ്ട് അലറുന്ന ഒരു സിംഹത്തെ അദ്ദേഹം കണ്ടു. അതിന്റെ കൈയിൽ ഒരു വലിയ മുള്ള് തറച്ചിരിക്കുന്നു. ഭയന്നുപോയെങ്കിലും, അടിമ ആ മുള്ള് പറിച്ചെടുത്ത് സിംഹത്തെ സഹായിച്ചു. സിംഹം സന്തോഷത്തോടെ കാടിനുള്ളിലേക്ക് മടങ്ങി.

കുറച്ചുകഴിഞ്ഞ്, അടിമയെ പിടികൂടിയ യജമാനൻ അവനെ ശിക്ഷിക്കാൻ ഒരു സിംഹത്തിന്റെ ഗുഹയിലേക്കെറിഞ്ഞു. പക്ഷേ, ആ സിംഹം അവനെ ഉപദ്രവിച്ചില്ല. മുമ്പ് കൈയിൽ നിന്ന് മുള്ള് പറിച്ചെടുത്ത് അവൻ സഹായിച്ച സിംഹമായിരുന്നു അത്!

**Poem**

## *Listen to the music*



Pom... Pom... Pom... here comes the bus
Move aside, it's big and strong.
Purr.. Purr.. Purr.. here comes the bike
Make a gap, let it pass along.
Tuk... Tuk... Tuk... the cart rolls by
Step away, it's slow but steady.
Choo... Choo.. Choo... the train on the track
Clear the path, it's heavy and quick.

**Salam Thirumala**

# Tenses

## 6. Past Perfect Tense

The past perfect tense is the form of a verb that expresses an action completed before a particular point in the past, formed with had and the past participle.

**Structure**

**Subject + had + past participle + the rest of the sentence**

### Positive

- I had completed my assignment before everyone else even started.
- He had completed his assignment before everyone else even started.

### Negative

- I had not completed my assignment.
- He had not completed his assignment.

### Interrogative

- Had I completed my assignment before everyone else even started?
- Had he completed his assignment before everyone else even started?

## Negative Interrogative

- Wasn't I listening to the news? / Was I not listening to the news?
- Wasn't he driving a car? / Was he not driving a car?

## USES OF PAST PERFECT TENSE

### 1. To Indicate the order of events in the past

• When my mom arrived, my friends had left/My friends had left when my mom arrived.

• The train had arrived on the second platform when we reached the station/When we reached the station, the train had arrived on the second platform.

### 2. To Denote the time until a specific point in the past

• Anu had completed all grades of martial arts by the time he was 15 years old.

• Had Babu and Raju arrived when I called you yesterday?

### 3. To Represent an incomplete action that was not done in a specific time in the past before another simple past action

• The students had gone for their games before the teacher could inform them about the assignment they had to do.

• It was so unfortunate that Safar had slept before I was there.


Master
Imitable
Children, Rabi'ul Awwal is coming. Should we welcome that holy month?
Yes, yes!
A beautiful morning,
At first, We should clean and decorate our madrasa and its surroundings. Who will lead it?
Adil will do it beautifully.
Rizwan can lead us.
Ok. Both of them will lead you.
We need your help and supervision.
Come on all of you. Let's start from the garden.
Let these stones sit here.
Rizwan, be careful.


Here, cut them like this with scissors.
Wow! Nice to see!
Let it be here.
Very nice.
Check if the spelling is correct.
It is correct. Beautifully written.
The children are smart. They have decorated the madrasa and its sur-roundings beautifully.
Let's take a break now.
Yes!
Drink a glass of lime juice.
Don't forget to say Bismillah.
Delicious!

# WORD PUZZLE

Read the story
'The Lion and the Slave'
find the underlined words and try
to find out its meaning.

| | | | | | | |
|---|---|---|---|---|---|---|
| F | A | H | P | A | I | N |
| O | N | A | A | O | W | R |
| R | O | R | W | E | O | O |
| E | I | M | U | N | O | H |
| S | L | A | V | E | D | T |
| T | K | I | N | D | S | B |
| M | A | S | T | E | R | O |

# Name me



K



K



K

ANS: Kite, Kangaroo, Kiwi

# Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | 2 | 3 | | 1 | | 5 |
| 4 | 2 | | | 6 | 9 | 3 | | |
| 9 | | | | | | 6 | | 4 |
| | | | | 1 | 8 | | 4 | 2 |
| | 8 | 1 | | | 5 | | | |
| | | 6 | 3 | | 2 | | 8 | |
| 1 | | | | | | 4 | | 6 |
| | 7 | | 8 | 5 | | | 3 | |
| 5 | 3 | | 9 | 4 | | | | |

# Sudoku

ANSWER
**JULY ISSUE**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 4 | 8 | 1 | 9 | 6 | 5 | 2 | 7 |
| 2 | 7 | 9 | 8 | 3 | 5 | 1 | 6 | 4 |
| 6 | 1 | 5 | 2 | 4 | 7 | 3 | 8 | 9 |
| 8 | 6 | 3 | 9 | 2 | 4 | 7 | 1 | 5 |
| 4 | 2 | 1 | 7 | 5 | 8 | 9 | 3 | 6 |
| 5 | 9 | 7 | 6 | 1 | 3 | 8 | 4 | 2 |
| 1 | 5 | 2 | 3 | 6 | 9 | 4 | 7 | 8 |
| 7 | 3 | 4 | 5 | 8 | 2 | 6 | 9 | 1 |
| 9 | 8 | 6 | 4 | 7 | 1 | 2 | 5 | 3 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**